# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.4/156 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 03/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.4/156 /2022 തീയ്യതി: 03/03/2023

## തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 60 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 40 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശ്രീജ. കെ | ഡെപ്യൂട്ടി ഡയറക്ടർ(ഹഗ്രേ) | 09-01-2023 | 20-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-01-2023 | 20-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശോശാമ്മ എസ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സുനിത ബാബു.ബി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. രാജു എസ്, ഓഡിറ്റർ

ശ്രീമതി പ്രിയദർശിനി.എസ്.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മല്ലിക.റ്റി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സുരേഷ്.കെ.വി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ്.കെ.വി | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.അന്ന സിറിയക് | മെഡിക്കൽ ഓഫീസർ (FHC) | 01-04-2021 | 31-03-2022 |
| ഡോ.ജിനു കുമാർ | സീനിയർ വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.രമേശ് കുമാർ.പി | അഗ്രിക്കൾച്ചർ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി കുമാരിഷീല.എസ് | ഹെഡ് മിസ്ട്രസ്സ്(പൂങ്കോട്) | 01-04-2021 | 31-03-2022 |
| ശ്രീമതി നിഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി റോജ് ചിരുകണ്ടത്ത് | വി ഇ ഒ (സർക്കിൾ 1) | 01-04-2021 | 31-03-2022 |
| ശ്രീമതി റോജ് ചിരുകണ്ടത്ത് | വി ഇ ഒ (സർക്കിൾ 2) | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീദേവി | വി ഇ ഒ (സർക്കിൾ 3) | 01-04-2021 | 03-05-2021 |
| ശ്രീമതി സെലീന | വി.ഇ.ഒ (സർക്കിൾ 3) | 04-05-2021 | 10-11-2021 |
| ശ്രീമതി ശ്രീജ.എസ്.ആർ | വി.ഇ.ഒ (സർക്കിൾ 3) | 11-11-2021 | 31-03-2022 |
| ശ്രീമതി മൃദുല.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 15-07-2021 |
| ശ്രീമതി ശ്രീകുമാരി.എൽ | അസിസ്റ്റന്റ് സെക്രട്ടറി | 16-07-2021 | 31-03-2022 |
| ശ്രീ.സൂരജ്.സി.ജെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി സിന്ധു.പി.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 21-11-2021 |
| ശ്രീമതി ബിന്ദു.റ്റി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21-11-2021 | 31-03-2022 |
| ശ്രീമതി ശ്രീദിവ്യ റാണി.സി.എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീജ.എസ്.നായർ | മെഡിക്കൽ ഓഫീസർ ഹോമിയോ (ഇൻ | 01-04-2021 | 16-07-2021 |

| | | | |
|---|---|---|---|
| | ചാർജ്ജ്) | | |
| ഡോ.സിമി സാരംഗ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 17-07-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമപദ്ധതികൾ | 1-5 |
| 6 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകതകൾ | 1-5-1 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 10 | എൻ.ആർ.ഇ.ജി.എസ് പദ്ധതി - പ്രവർത്തനാവലോകനം | 1-8-1 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 12 | കെട്ടിട നിർമ്മാണ പെർമിറ്റിൽ നിന്നും വ്യതിചലിച്ച് ഉപയോഗം-തുടർ നടപടി സ്വീകരിച്ചില്ല.നികുതി നഷ്ടം സംഭവിക്കുന്നു. | 1-10 |
| 13 | കെട്ടിടത്തിന് അംഗീകരിച്ച സ്ലാബ് പ്രകാരം നികുതി ചുമത്തിയിട്ടില്ല.നികുതി വരുമാനത്തിൽ കുറവ്. | 1-10-1 |
| 14 | കെട്ടിടങ്ങൾക്ക് ഉപയോഗക്രമം അനുസരിച്ച് നികുതി ചുമത്തിയിട്ടില്ല.നികുതി വരുമാനത്തിൽ കുറവ് സംഭവിക്കുന്നു. | 1-10-2 |
| 15 | വാണിജ്യകെട്ടിടങ്ങളിൽ നിന്നും അടിസ്ഥാന നികുതി നിരക്ക് കുറവായി ഈടാക്കുന്നു. | 1-10-3 |
| 16 | വഴി സൌകര്യം അനുസരിച്ച് കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിയിൽ വർദ്ധനവ് ചുമത്തുന്നില്ല. | 1-10-4 |
| 17 | നിർമ്മാണ പെർമിറ്റ് അപേക്ഷകളിൽ നിന്നും നിയമാനുസൃത ഫീസ് ഈടാക്കുന്നില്ല. | 1-11 |
| 18 | രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. | 1-12 |
| 19 | നിയമാനുസൃത ഡവലപ്മെന്റ് ഫീസ് ഈടാക്കിയില്ല. തുടർനടപടി സ്വീകരിക്കേണ്ടതാണ്. | 1-13 |
| 20 | തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല. | 1-14 |
| 21 | റേഷൻകടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല. | 1-15 |
| 22 | വസ്തുനികുതി കുടിശ്ശികയായ 6507257/- രൂപ പിരിച്ചെടുക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. | 1-16 |

| | | |
|---|---|---|
| 23 | മെഷീൻ ഫീസായി 11000/-രൂപ ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഒടുക്ക വരുത്തി | 1-17 |
| 24 | കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ -അപാകങ്ങൾ പരിഹരിക്കേണ്ടതാണ്. | 1-18 |
| 25 | വാട്ടർ ചാർജിനത്തിൽ ഭീമമായ കുടിശിക അവശേഷിക്കുന്നത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. | 1-19 |
| 26 | ആംബുലൻസ് വരവ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. | 1-20 |
| 27 | പഞ്ചായത്ത് തല ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതാണ്. | 1-21 |
| 28 | അഗതി രഹിത കേരള പദ്ധതി - ഭക്ഷ്യകിറ്റ് വിതരണ വിവരങ്ങൾ പൂർണ്ണമല്ല | 1-22 |
| 29 | പാഥേയം - ധനവിനിയോഗ രേഖ ഹാജരാക്കിയില്ല – 783360/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 30 | അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം നൽകിയില്ല | 1-24 |
| 31 | ക്ഷീരമേഖലയിലെ പദ്ധതികൾ – ആനുകൂല്യങ്ങൾ അർഹത ഇല്ലാത്തവർക്കും നൽകി – ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല | 1-25 |
| 32 | ആസ്തിപരിപാലനം - തുടർ നടപടികൾ അനിവാര്യം | 1-26 |
| 33 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിച്ച പ്രവൃത്തികൾ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-27 |
| 34 | ഭരണസമിതി തീരുമാനങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-28 |
| 35 | പൂങ്കോട് നീന്തൽ പരിശീലന കേന്ദ്രം - കെമിക്കൽസ് വാങ്ങൽ പദ്ധതി അപാകതകൾ | 1-29 |
| 36 | വെറ്റിനറി സർജൻ നിർവഹിച്ച പദ്ധതികൾ - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല 60950/- രൂപ തടസ്സപ്പെടുത്തുന്നു | 1-30 |
| 37 | പദ്ധതി ആനുകൂല്യം ഗുണഭോക്തൃലിസ്ററിൽ മുൻഗണനാക്രമം പാലിച്ചിട്ടില്ല. | 1-31 |
| 38 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-32 |
| 39 | ഹരിതകർമ്മസേന പ്രവർത്തനം-മോണിറ്ററിംഗ് ചെയ്യപ്പെടുന്നില്ല. | 1-33 |
| 40 | തനതുഫണ്ട് അക്കൗണ്ടുകൾ റിക്കൺസിലിയേഷൻ ചെയ്യാതെ ബാങ്കിടപാടുകൾ തുടരുന്നു. | 1-34 |
| 41 | തനതുഫണ്ട് വരവു ചെലവുകളുടെ അക്കൗണ്ടിംഗ് - അപാകതകൾ | 1-35 |
| 42 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 20,40,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-36 |
| 43 | ഒരു ആംബുലൻസിന് മൂന്ന് ഡ്രൈവർമാരുടെ സേവനം. | 1-37 |
| 44 | വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS"-എന്ന | 1-38 |

| | | |
|---|---|---|
| | സെറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. | |
| 45 | അംഗനവാടി പോഷകാഹാരം ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിച്ച വിവരങ്ങൾ ലഭ്യമല്ല. | 1-39 |
| 46 | നിയമാനുസൃതമല്ലാത്ത വാല്യുവേഷൻ സാക്ഷ്യപത്രങ്ങൾ നൽകി.വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-40 |
| 47 | നിയമാനുസൃത മൂല്യനിർണയ സാക്ഷ്യപത്രങ്ങൾ ഇല്ലാതെ തുക കൈമാറി. | 1-41 |
| 48 | 2020-ൽ ലൈഫ് ഭവനം ലഭിച്ച ഗുണഭോക്താവിന് ഭവന നവീകരണത്തിന് തുക നൽകി.160000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-42 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 25/03/2022 ലെ (1) -ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 58,44,64,089/-രൂപയും പ്രതീക്ഷിത ചെലവ് 57,19,94,000/-രൂപയും നീക്കിയിരിപ്പ് 1,24,70,089/- രൂപയുമുൾപ്പെടുന്ന ബഡ്ജറ്റാണ് അംഗീകരിച്ചിരിക്കുന്നത്.

ബജറ്റ് നിയന്ത്രണം ഫലപ്രദമല്ല.

സ.ഉ.(സാധാ) നം.3291/2016 തസ്വഭവ തീയതി 02.12.2016ൽ നിർദ്ദേശിച്ച പ്രകാരം ബജറ്റ് നിയന്ത്രണത്തിനോ, പ്രതിമാസ ബജറ്റ് വിലയിരുത്തലിനോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി / ഭരണസമിതി തീരുമാനങ്ങളൊന്നും സ്വീകരിച്ചിട്ടില്ല. പ്രതീക്ഷിത വരവ് ചെലവുകളിൽ വ്യത്യാസം ആവശ്യമായപ്പോൾ ഇതിലേക്കായി ബജറ്റ് പുതുക്കുകയോ, അനുപൂരക ബജറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. വിശദാംശം ചുവടെ.

എ) കേരള പഞ്ചായത്ത്'രാജ് നിയമം സെക്ഷൻ 214, കേരള പഞ്ചായത്ത്'രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 72,73,74 എന്നിവ അനുസരിച്ച ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ചെലവ് വരുത്താൻ പാടില്ല. അങ്ങനെ ചെയ്യേണ്ടി വരുകയാണെങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പാസ്സാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി തുക ചെലവു ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ.

| ഹെഡ് | ഇൻകം & എക്സ്പന്റിച്ചർ പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| 2105001 പ്രൊവിഡന്റ് ഫണ്ട് കോൺട്രിബ്യൂഷൻ | 44650 | വകയിരുത്തിയിട്ടില്ല |
| 2301002 വാട്ടർ ചാർജ്ജ് | 1132429 | 800000 |

ബജറ്റ് തയ്യാറാക്കുന്നതിലും ചെലവുകൾ നിയന്ത്രിക്കുന്നതിലും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യപത്രിക ലഭിച്ച തീയതി |
|---|---|
| 31-07-2022 | 03/08/2022 |

വാർഷിക ധനകാര്യപത്രിക യഥാസമയം തയ്യാറാക്കി സമർപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഡെപ്പോസിറ്റ് വർക്കിനത്തിൽ കെ.എസ്.ഇ.ബി യ്ക്ക് തൻവർഷം 21,59,935/- രൂപ നൽകിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിൽ 1975356/- രൂപ (RP-47) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2) സി.എഫ്.സി ഗ്രാന്റിനത്തിലെ നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|
| AFS പ്രകാരം | 14549845 | 4742817 |
| ACR പ്രകാരം | 16534116 | 2758546 |
| സുലേഖ പ്രകാരം | 15030052 | 4262610 |

3) MGNREGS വരവ് ,ചെലവ് , നീക്കിയിരിപ്പ് എന്നിവ ക്യാഷ് ബുക്കിലെ തുകകളും വാർഷിക ധനകാര്യ പത്രികയിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

| | AFS പ്രകാരം | ക്യാഷ് ബുക്ക് പ്രകാരം |
|---|---|---|
| Opening Balance | 7120 | 7120 |
| വരവ് | 1769779 | 1637261 |

| | | |
|---|---|---|
| ചെലവ് | 142282 | 66259 |
| Closing Balance | 1634617 | 1710640 |

4) ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറി ചെക്ക് നമ്പർ 5507060 തീയതി 25/08/21 പ്രകാരം 175000/- കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. ബാങ്ക് ബുക്കിൽ 320800101 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ പ്രസ്തുത ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത തുക 26/08/21 ന് പിൻവലിച്ചിട്ടുണ്ട്(807684/-രൂപയിൽ ഈ തുക ഉൾപ്പെടുന്നു). എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ടിൽ ഈ തുക ചെലവ് വന്നിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ ഈയിനത്തിലെ ചെലവ് 8109/- രൂപയാണ്. ലെഡ്ജർ പ്രകാരം പ്രസ്തുത തുക തെറ്റായ എൻട്രി എന്ന് രേഖപ്പെടുത്തി ക്യാൻസൽ ചെയ്തിരിക്കുന്നു. ഇപ്രകാരം യഥാർത്ഥത്തിൽ ചെലവായ തുക ക്യാൻസൽ ചെയ്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ വ്യക്തമായ കാരണം ലഭ്യമാക്കിയില്ല.

5) പ്രോജക്ട് ചെലവുകളായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളും സുലേഖ സ്റ്റേറ്റ്മെന്റിലെ തുകകളും പൊരുത്തപ്പെടുന്നില്ല. ഖ.1-35 ൽ കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

6) ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാലും ബാങ്ക് ബുക്കിൽ വ്യാപകമായി കറക്ഷൻ എൻട്രി രേഖപ്പെടുത്തി തിരുത്തിയിരിക്കുന്നതിനാലും നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

7) ലെഡ്ജറുകളിൽ ധാരാളമായി Correction Entry രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു. 350200301 എന്ന ഹെഡിൽ 31/03/2022 ന് 46 Correction Entry രേഖപ്പെടുത്തിയിരിക്കുന്നു. ലെഡ്ജറുകളിലും ബാങ്ക് ബുക്കിലും വ്യാപകമായി ഇത്തരത്തിൽ രേഖപ്പെടുത്തലുകൾ Correction Entry നൽകിയിട്ടുണ്ട്. ഓരോ ദിവസത്തെയും പണമിടപാടുകൾക്ക് ആവശ്യമായ രേഖപ്പെടുത്തൽ നൽകാതെ ഇത്തരത്തിൽ Correction Entry നടത്തിയിരിക്കുന്നതിന്റെ കാരണം വിശദമാക്കേണമെന്ന് ഓഡിറ്റ് എൻക്വയറി നൽകിയതിന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല.

8) ഡെപ്പോസിറ്റ് വർക്കിനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകകൾ വർക്ക് പൂർത്തിയാക്കിയതു കണ്ടെത്തി വിനിയോഗസാക്ഷ്യപത്രം വാങ്ങി ബാലൻസ്ഷീറ്റിലെ തുകകൾ ക്രമാകരിക്കുകയോ, ചെയ്യാത്ത വർക്കാണെങ്കിൽ ആയത് ശ്രദ്ധയിൽപ്പെടുത്തി വർക്ക് ചെയ്യുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്. ബാലൻസ് ഷീറ്റിൽ 17192252/- രൂപ (B18) അവശേഷിക്കുന്നു. ക്രമീകരിക്കേണ്ടതാണ്.

9) ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

10) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents ുമായി പൊരുത്തപ്പെടുന്നില്ല.

11) സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2022 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

12) 2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

13) ക്യാപിറ്റൽ കോൺട്രിബ്യൂഷൻ (ബി3 തൻവർഷം 84394090)- (ബി3 മുൻവർഷം 83161317) എന്നത് തൻ വർഷ ആസ്തി (ആർ പി 38 – 7565560) യുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം തനതു ഫണ്ട് ഉപയോഗിച്ച പൂർത്തീകരിക്കുന്ന ആസ്തികൾക്ക് ആനുപാതികമായ തുക ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റാത്തതിനാലാണ് എന്ന് അറിയിക്കുകയുണ്ടായി. എന്നാൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ, തനതു ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച ആസ്തികളുടെ വിവരം ലഭ്യമാക്കിയില്ല.

14) വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല.

15) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 6 പ്രകാരം ബാങ്ക് ബുക്കുകൾ ട്രഷറി/ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഓരോ മാസവും പൊരുത്തപ്പെടുത്തി അക്കൗണ്ടിന്റെ യഥാർത്ഥ നീക്കിയിരുപ്പിലെത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് അക്കൗണ്ടുകളുടെ പാസ്സ്ബുക്ക്, ബാങ്ക് ബുക്ക് നീക്കിയിരുപ്പുകൾ പൊരുത്തപ്പെടുത്തിയിട്ടില്ല.

16) വാർഷിക ധനകാര്യ പത്രിക പ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 41 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് കൃത്യമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക വിനിയോഗം ചുവടെ ചേർക്കുന്നു

| ഫണ്ടിനം | മുന്നിരിപ്പ് | അനുവദിച്ച തുക | ആകെ | ചെലവ് തുക | ലാപ്സ് ആയ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,83,31,133 | 1,83,31,133 | 2,91,56,512 | (-1,08,55,379) |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 1,15,64,001 | 1,15,64,001 | 1,26,11,993 | (-10,47,992) |
| വികസന ഫണ്ട്(ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 20046669 | 2,00,46,669 | 8935279 | 1,11,11,390 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 0 | 73,32,821 | 73,32,821 | 6094773 | 1238048 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 10909378 | 10909378 | 6339608 | 4569770 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 43482000 | 43482000 | 36336777 | 7145223 |
| CSS | 0 | 0 | 0 | 2229024 | (-2229024) |
| SSS | 0 | 0 | 0 | 2324435 | (-2324435) |

1)ഓഡിറ്റിന് ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഉറവിടത്തിൽ കുറവു ചെയ്ത തുക വരവിൽ ഉൾപ്പെടുത്താതെയും ചെലവിൽ ഉൾപ്പെടുത്തിയുമാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ഡവലപ്മെന്റ് ഫണ്ട് ബാലൻസ് തുകകൾ നെഗറ്റീവായി അവശേഷിക്കുന്നു.

2) സ.ഉ 2617/22/ധന , തീയതി : 31/03/22 പ്രകാരം വികസനഫണ്ട് (ജനറൽ , എസ്.സി.പി & ടി.എസ്.പി), സംരക്ഷണഫണ്ട് നോൺറോഡ് എന്നീ ഇനങ്ങളിൽ തുക അനുവദിച്ചിരുന്നു. ആയത് ഉൾപ്പെടുത്താത്ത ഗ്രാന്റ് സ്റ്റേറ്റ്മെന്റാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. ആയതു പ്രകാരമുള്ള സ്റ്റേറ്റ്മെന്റാണ് മുകളിൽ ചേർത്തിരിക്കുന്നത്.

3)സി.എഫ്.സി ഗ്രാന്റ് ചെലവു തുക, നീക്കിയിരിപ്പ് എന്നിവ എ.സി.ആർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ഖ.1-2-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
ധനകാര്യ കമ്മീഷൻ (അൺടൈഡ്) തുക നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

1) പദ്ധതി നിർവ്വഹണം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 270 | 242440934 | 201 | 115430136 | | 69 | 74 |

(എ) തൻ വർഷം നടപ്പാക്കുന്നതിന് 270 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 201 എണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആകെ വകയിരുത്തിയ തുകയുടെ 48% തുക മാത്രമാണ് ചെലവഴിച്ചിട്ടുണ്ട്. 62% പദ്ധതി വിഹിതം ചെലവഴിച്ചിട്ടില്ല.

(ബി) 69 പദ്ധതികൾ നടപ്പാക്കാത്തതിൽ 13 സ്പിൽ ഓവർ പദ്ധതികളും ഉൾപ്പെടുന്നു. സ്പിൽ ഓവർ ആയ വർഷം തന്നെ പദ്ധതി പൂർത്തീകരിക്കേണ്ടതാണെന്ന പദ്ധതി മാർഗ്ഗരേഖ നിർദേശം പാലിച്ചിട്ടില്ല.

(സി) സെക്രട്ടറിയ്ക്ക് നടപ്പാക്കുന്നതിന് 57പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 24 പദ്ധതികൾ നടപ്പാക്കിയിട്ടില്ല. മേൽ വസ്തുതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണം നം.4/2023, തീയതി : 09.01.2023) മറുപടി ലഭ്യമാക്കിയില്ല.

(ഡി) വിവിധ മരാമത്ത് പ്രവൃത്തികൾ കരാറിൽ ഏർപ്പെടുന്നതിനും പൂർത്തീകരിക്കുന്നതിനും കാലതാമസം നേരിട്ടുണ്ട്. കോവിഡ് കാലമായതിനാലും മറ്റ് സാങ്കേതിക കാരണങ്ങളാലുമാണ് കാലതാമസം നേരിട്ടതെന്ന് ഓഡിറ്റ് അന്വഷണത്തിന് മറുപടി നൽകി.

(ഇ) വെറ്റിനറി സർജൻ നടപ്പാക്കിയ ആട് പശു വളർത്തൽ പദ്ധതി ആനുകൂല്യങ്ങൾ കൃത്യമായി അർഹതയുള്ള ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ല.

2)പദ്ധതി ആസൂത്രണം

വർക്കിംഗ് ഗ്രൂപ്പ് - സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. 2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിൽ ഈ ചുമതലകൾ നിർവ്വഹിച്ചതായി വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ കണ്ടെത്താനായില്ല. ഓഡിറ്റ് വേളയിൽ പരിശോധിച്ച പൊതുമരാമത്ത് , ദുരന്തനിവാരണം, ദാരിദ്ര്യലഘൂകരണം, വിദ്യാഭ്യാസം, കല, സംസ്കാരം, കായികവികസനം, യുവജനക്ഷേമം, എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സിൽ യോഗം കൂടിയതായി രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമസഭ – രണ്ട് വാർഡുകളിലെ ഗ്രാമസഭ മിനിറ്റ്സ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. രണ്ട് വാർഡിലും ഓരോ ഗ്രാമസഭ മീറ്റിംഗ് മാത്രമാണ് നടന്നിരിക്കുന്നത്. പ്രസ്തുത ഗ്രാമസഭകളിൽ വന്ന നിർദേശങ്ങളിൽ വികലാംഗർക്ക് പെട്ടിക്കട, കിച്ചൻ ബിൻ, പുൽകൃഷി എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുമില്ല.

വികസന സെമിനാർ

21-22 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 18.02.2021 ൽ വികസന സെമിനാർ നടന്നിരിക്കുന്നു. 196അംഗങ്ങൾ ഹാജരായി എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വികസന സെമിനാറിൽ വിവിധമേഖലകളിലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ആശയങ്ങളും നിർദേശങ്ങളും ഒന്നും ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെടുത്തി പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

ഭൌമവിവര തദ്ദേശ സ്വയംഭരണ പദ്ധതി

കരകുളം ഗ്രാമീണ പഠനകേന്ദ്രത്തിന്റെ സാങ്കേതിക സഹായം ഉപയോഗപ്പെടുത്തി പഞ്ചായത്തിന്റെ അടിസ്ഥാന വിവരങ്ങൾ മുഴുവൻ ശേഖരിച്ച് ഭൂപടങ്ങളായി സന്നിവേശിപ്പിച്ചിട്ടുള്ള Geographic Information System For Local Body (Www.gislb.in) എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചിരിക്കുന്നു. പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ നിർമ്മിതികളും കെട്ടിടനമ്പറടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ ഫോട്ടോ സഹിതം മാപ്പ് ചെയ്തിരിക്കുന്നു. കൂടാതെ ജലസ്രോതസ്സുകളുടെ അവസ്ഥ, Watershed Conservation, Waste Land Development, Road Network, Asset Mapping, Agriculture, Enviornmental Issues തുടങ്ങി എല്ലാ മേഖലകളെയും സംബന്ധിച്ച സമഗ്ര വിവരം ലഭ്യമാകുന്നതിനുമാണ് സോഫ്റ്റ്വെയർ തയ്യാറാക്കിയിരിക്കുന്നത്. വികസന ആസൂത്രണ പ്രക്രിയയുടെ അടിസ്ഥാന ഘടകം വിവര ശേഖരണം ആയിരിക്കേ വരും വർഷങ്ങളിൽ പഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിന് സഹായകരമാകുമെന്നതിനാൽ ഈ സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്താവുന്നതാണ്.

## 1-5 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| തൊഴിൽ രഹിത വേതനം | 47760 |
| കർഷക തൊഴിലാളി പെൻഷൻ | 5874400 |
| വിധവാപെൻഷൻ | 42307800 |
| വാർദ്ധക്യകാല പെൻഷൻ | 78863900 |
| വികലാംഗ പെൻഷൻ | 10515900 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 1410000 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകതകൾ

1) ഡെത്ത് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

2020, 2021 വർഷങ്ങളിലെ ഡെത്ത് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2020, 2021 വർഷങ്ങളിലെ ഡെത്ത് രജിസ്റ്റർ, മരണപ്പെട്ടവരുടെ ആധാർ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 28 തീയതി 16/01/23) നൽകിയെങ്കിലും ലഭ്യമാക്കിയില്ല. ഡെത്ത് രജിസ്റ്റർ തയ്യാറാക്കുന്നതിനായി പ്രിന്റിംഗ് പ്രസിൽ നൽകിയിരിക്കുകയാണെന്നാണ് മറുപടി നൽകിയത്. 01/2022 മുതൽ 03/22 വരെ രജിസ്റ്റർ ചെയ്ത ഡെത്ത് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ മാത്രമാണ് ഓഡിറ്റിനു ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത അപേക്ഷകളോടൊപ്പം മരണപ്പെട്ടവരുടെ ആധാർ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മരണം റിപ്പോർട്ട് ചെയ്യുന്നതിന് ആധാർ വിവരങ്ങൾ നിർബന്ധമല്ലെങ്കിലും സാമൂഹ്യസുരക്ഷാ പെൻഷൻ സേവനങ്ങളുടെ തുടർ നടപടികൾക്കായി ആധാർ/പെൻഷൻ ഐ.ഡി വിവരങ്ങൾ ആവശ്യമായിരിക്കെ മരണം രജിസ്റ്റർ ചെയ്യുന്നവരുടെ ആധാർ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടില്ല. മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം

സസ്പെൻഡ് ചെയ്യുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനും ആധാർ നമ്പർ ലഭ്യമാകുന്നത് സഹായകമായിരിക്കും. ഡെത്ത് സർട്ടിഫിക്കറ്റിന് അപേക്ഷ സ്വീകരിക്കുമ്പോൾ ആധാർ രജിസ്ട്രേഷനുള്ളവരാണെങ്കിൽ ആധാർ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തി വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

2) മരണശേഷവും പെൻഷൻ വിതരണം ചെയ്തിരിക്കുന്നു.

2021 ഡിസംബറിനു ശേഷം മരണപ്പെട്ട വ്യക്തികളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ലഭ്യമായ ആധാർ വിവരങ്ങൾ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷണറുടെ പേര് | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | ഏതു മാസം വരെ പെൻഷൻ നൽകിയിരിക്കുന്നു | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | രവിചന്ദ്രൻ | 102770205074 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18/01/22 & 27/01/22 | ജൂൺ 2022 | 5*1600 = 8000<br>അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്തു |
| 2 | വിജയൻ പി - 4/423,കാവുംപുറത്തു മേലെ , നരുവാമൂട് നരുവാമൂട് P. O | 102770205686 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10/02/22 | മെയ് 2022 | 3*1600= 4800 (ഡയറക്റ്റ് ഹോം) നരുവാമൂട് സർവ്വീസ് സഹകരണ ബാങ്ക് കളക്ഷൻ ഏജന്റ് മുഖാന്തിരം |
| 3 | മോഹനൻ ജി<br>8/864,പുതുവൽ പുത്തൻ വീട് , നെടുങ്ങോട നരുവാമൂട് P. O | 102770205910 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 03/03/22 & 24/3/22 | ഏപ്രിൽ 2022 | 1600/-<br>നരുവാമൂട് സർവ്വീസ് സഹകരണ ബാങ്ക് കളക്ഷൻ ഏജന്റ് മുഖാന്തിരം |

പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും നേരിട്ട് തുക കൈപ്പറ്റിയിരിക്കുന്നു. നരുവാമൂട് സർവ്വീസ് സഹകരണ ബാങ്ക് കളക്ഷൻ ഏജന്റ് മുഖാന്തിരം വിതരണം ചെയ്ത തുകകളാണ് മരണശേഷം ഗുണഭോക്താവ് നേരിട്ടു കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം അനർഹമായി തുക കൈപപറ്റിയതിന്റെ വിശദാംശങ്ങൾ അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. യഥാർത്ഥത്തിൽ ഈ തുകകൾ ആരാണ് കൈപ്പറ്റിയിരിക്കുന്നതെന്ന വിവരം അന്വേഷിച്ച് ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ എൻക്വയറിക്ക് (നമ്പർ 28 തീയതി 16/01/23) ആയത് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. അനർഹമായി മരണശേഷം തുക നൽകിയിട്ടുള്ളവ ഈടാക്കി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള അക്കൗണ്ടിലേക്ക് അടവാക്കി അറിയിക്കേണ്ടതാണ്.

3) ഡെത്ത് രജിസ്റ്റർ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

ഡെത്ത് രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ മരണശേഷവും പെൻഷൻ അനുവദിച്ചവരുടെ പൂർണമായ വിവരങ്ങൾ പരിശോധിച്ചിട്ടില്ല. ആയതിനാൽ അടുത്ത ഓഡിറ്റിൽ 2020, 2021 വർഷങ്ങളിലെ ഡെത്ത് രജിസ്റ്ററും പെൻഷൻ വിതരണവും ഓഡിറ്റിനു വിധേയമാക്കേണ്ടതാണ്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-01-2023 തീയതിയിൽ 2.42 പി.എം.-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16684/-(പതിനാറായിരത്തി അറുന്നൂറ്റി എൺപത്തി നാല് )രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1) ജീവനക്കാർക്ക് ജോലിവിഭജനം നടത്തിയ ഓഫീസ് ഉത്തരവ്, റിവ്യൂ മീറ്റിംഗുകൾ നടന്ന മിനിറ്റ്സ് എന്നിവ ഹാജരാക്കി. 2021-22 കാലയളവിൽ 28.07.2021, 01.01.2022, 10.02.2022 തീയതികളിൽ സ്റ്റാഫ് മീറ്റിംഗ് നടന്നിരിക്കുന്നു.

2) 2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട

പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2021, 2022 വർഷങ്ങളിൽ പൌരാവകാശരേഖ പുതുക്കിയതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 15/23, തീയതി :11.01.2023).

3)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

ഈ വസ്തുതകൾ മേലിൽ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

4) നിലവിൽ ISO സർട്ടിഫിക്കേഷൻ ലഭിച്ചിട്ടില്ലാത്തതാണ്.

5) ഔട്ട് ഡോർ കളക്ഷന് ഉപയോഗിക്കുന്ന രസീതു ബുക്കുകൾ ലഭ്യമായ വിവരം സ്റ്റോക്കിൽ രേഖപ്പെടുത്താതെ വിതരണം ചെയ്തു വരുന്നത് ഗുരുതര വീഴ്ചയാണ്.

6) കെട്ടിടങ്ങളുടെ പെർമിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

7) ചട്ടപ്രകാരം കെട്ടിട നികുതി നിർണ്ണയിക്കാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് നഷ്ടമാകുന്ന സ്ഥിതി നിലനിൽക്കുന്നു.

8) സ്ഥാപനത്തിന്റെ വരവ് ചെലവ് ഉൾപ്പെടെയുള്ള സാമ്പത്തിക നില പ്രതിഫലിക്കുന്ന വാർഷിക കണക്കുകൾ തയ്യാറാക്കിയതിൽ വീഴ്ചകൾ സംഭവിച്ചിട്ടുള്ളത് സഗൌരവം പരിശോധിക്കപ്പെടേണ്ടതാണ്. സുലേഖ ചെലവ് പത്രികയിലെ ചെലവും യഥാർത്ഥ ചെലവും പൊരുത്തപ്പെടുന്നില്ല. തനതു ഫണ്ടിൽ നിന്നുമുള്ള ഭൂരിഭാഗം ചെലവുകളും സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.

9) പഞ്ചായത്തിൽ ഒരു ബഡ് സ്കൂളും നാല് പകൽ വീടുകളും പ്രവർത്തിക്കുന്നു. വിവിധ തരം മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ 35 വ്യക്തികളെ പരിപാലിക്കുന്നതിനുള്ള സ്ഥല സൌകര്യം നിലവിൽ ബഡ് സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടത്തിനില്ല. പകൽ വീടിന്റെ പ്രവർത്തനങ്ങളും സ്ഥല പരിമിതിമൂലവും അംഗങ്ങളുടെ പാർട്ടിസിപ്പേഷന്റെ അഭാവത്താലും പൂർണ്ണ തോതിൽ പ്രയോജനപ്പെടുത്തുന്ന നില കൈവരിച്ചിട്ടില്ല.

10) പഞ്ചായത്തിനെ സംബന്ധിക്കുന്ന രേഖകളും രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കുന്നതിൽ ജാഗ്രതക്കുറവ് സംഭവിച്ചിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങൾ ഓഡിറ്റ് നടത്തിയതിന്റെയും റിപ്പോർട്ട് ലഭ്യമായതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയില്ല.

## 1-8 തൊഴിലുറപ്പ് പദ്ധതി

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ്, ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7120 | 17,69,779 | 1776899 | 142282 | 1634617 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 76838081 | 76838081 | 76838081 | 0 |

*ക്യാഷ് ബുക്കിലെ വരവും ചെലവു, നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ വരവും, ചെലവും, നീക്കിയിരിപ്പ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 1-2-3 കാണുക.

## 1-8-1 എൻ.ആർ.ഇ.ജി.എസ് പദ്ധതി - പ്രവർത്തനാവലോകനം

ഓഡിറ്റ് കാലയളവിൽ എൻ.ആർ.ഇ.ജി.എസ്. പദ്ധതി മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം നം.35/2023, തീയതി : 17.01.2023 ന് ലഭ്യമായ മറുപടി പ്രകാരം തയ്യാറാക്കിയത്.)

| | |
|---|---|
| നടപ്പാക്കുന്നതിന് അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 2035 |
| അംഗീകാരം ലഭിച്ചതിൽ പൂർത്തിയാക്കിയ പദ്ധതികൾ | 616 |

| | |
|---|---|
| വിതരണം ചെയ്ത തൊഴിൽ കാർഡുകൾ | 355 |
| തൊഴിൽ ദിനങ്ങൾ | 59750 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3010 |
| 100 തൊഴിൽ ദിനം പൂർത്തികരിച്ച കുടുംബങ്ങളുടെ എണ്ണം | 1530 |
| തൊഴിൽ ഉറപ്പ് പദ്ധതിപ്രകാരം തൊഴിൽ രഹിത വേതനം കൊടുത്ത വിവരം | വേതനം നൽകിയിട്ടില്ല |
| സ്ഥിര ആസ്തികളുടെ വിവരം (രൂപയിൽ) | 260222/- |
| സോഷ്യൽ ആഡിറ്റ് നടത്തി | പൊതുവായ അപാകതകൾ പരിഹരിച്ച |

നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം.

| നം | പദ്ധതി വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം |
|---|---|---|
| 1 | മണ്ണ്,ജല സംരക്ഷണം | 177 |
| 2 | വരൾച്ച തടയൽ,വനവൽക്കരണം. | 66 |
| 3 | പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം | 65 |
| 4 | വ്യക്തിഗത ആസ്തികൾ | 290 |
| 5 | മറ്റുള്ളവ | 18 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2.7.2022 | 1.1.21 മുതൽ 31.7.21വരെ | 2.7.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.3.2022 | 2015-16 മുതൽ 2019-20 വരെ | 3.3.2022 |

## 1-10 കെട്ടിട നിർമ്മാണ പെർമിറ്റിൽ നിന്നും വ്യതിചലിച്ച് ഉപയോഗം-തുടർ നടപടി സ്വീകരിച്ചില്ല.നികുതി നഷ്ടം സംഭവിക്കുന്നു.

കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഓക്യുപ്പൻസി സാക്ഷ്യപത്രത്തിനായി അപേക്ഷ ലഭിച്ചാൽ ഉദ്യോഗസ്ഥരെ നിയോഗിച്ച് ഫീൽഡ് പരിശോധന നടത്തി ഫോറം 6-ൽ ശേഖരിക്കുന്ന വിവരങ്ങൾ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തി ചട്ടങ്ങൾ പ്രകാരം സഞ്ചയ വസ്തുനികുതി കണക്കാക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സഞ്ചയ നികുതി കണക്കാക്കുന്നത് എന്നതിനാൽ കൃത്യതയില്ലാതെ നൽകുന്ന ഡാറ്റാ തെറ്റായ നികുതി നിർണയത്തിന് ഇടയാക്കുന്നു.കെട്ടിടങ്ങളുടെ തരം, വിസ്തീർണം, മേഖല, റോഡ് സൗകര്യം, ഉപയോഗക്രമം, സെൽഫ്‌ടലൈസ്ഡ് എ.സി. തുടങ്ങിയ നികുതി നിർണ്ണയത്തെ ബാധിക്കുന്ന ഘടകങ്ങൾ കൃത്യമായാണോ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതാണ്.കൂടാതെ കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരം കെട്ടിടം പൂർത്തികരിച്ചുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ നികുതി നിർണ്ണയത്തിൽ കൃത്യത

പൂർത്തിയിട്ടില്ലായെന്ന് ഏതാനും ഫയലുകളുടെ പരിശോധനയിൽ വ്യക്തമായി ഉദാഹരണം ചുവടെ ചേർക്കുന്നു. 3/2/2021- ലെ A3-241/21നമ്പർ പെർമിറ്റ് പ്രകാരം GF-71.97 M2,FF-76.36 M2,SF-76.36M2 എന്നിങ്ങനെ വാണിജ്യാവശ്യത്തിനായി 224.69 M2 കെട്ടിട നിർമ്മാണത്തിനായി അനുവാദം നൽകി. കെട്ടിട ഉടമ പണി പൂർത്തീകരിച്ച കെട്ടിടത്തിൽ 5 കടകൾക്ക് നമ്പർ ലഭിക്കുന്നതിനായി A3-12410/21 നമ്പർ ഫയൽ പ്രകാരം അപേക്ഷ നൽകി. ആയത് പ്രകാരം സഞ്ചയയിൽ ചുവടെ വിവരിക്കും പ്രകാരം നികുതി ചുമത്തി.

| കെട്ടിടനമ്പർ | വിസ്തീർണം | നികുതി നിരക്ക്, ഉപയോഗക്രമം | റിമാർക്സ് |
|---|---|---|---|
| 21/478 A | 22 $M^2$ | 40/-വാണിജ്യം | കെട്ടിടം പൂർണ്ണമായും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നുവെങ്കിൽ 60/-രൂപ നിരക്ക് ചുമത്തേണ്ടതാണ്. |
| 21/478 B | 20 $M^2$ | 40/-വാണിജ്യം | |
| 21/478 C | 20 $M^2$ | 40/-വാണിജ്യം | |
| 21/478 D | 49.57 $M^2$ | 40/-വാണിജ്യം | |
| 21/478 E | 125.99 $M^2$ | 7/-പാർപ്പിടം | |

3/2/2021- ലെ A3-241/21 നമ്പർ പെർമിറ്റ് പ്രകാരം GF-71.97 $M^2$, FF-76.36 $M^2$, SF-76.36$M^2$ എന്നിങ്ങനെ വാണിജ്യാവശ്യത്തിനായി 224.69 $M^2$ കെട്ടിട നിർമ്മാണത്തിനാണ് അനുവാദം നൽകിയത്. എന്നാൽ കംപ്ലീഷൻ പ്ലാനിൽ വാണിജ്യാവശ്യം, പാർപ്പിടം എന്നീ ഉപയോഗങ്ങൾക്കാണ് പൂർത്തീകരണ പ്ലാൻ സമർപ്പിച്ചത്. സഞ്ചയപ്രകാരം മേൽ വിവരിച്ച വിധം പാർപ്പിടം എന്ന ഉപയോഗം ഉൾപ്പടെ 237.56 $M^2$ വിസ്തീർണം രേഖപ്പെടുത്തിയിരിക്കുന്നതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തി. ഇപ്രകാരം

1. പെർമിറ്റിൽ നിന്നും വ്യതിചലിച്ച് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചതിന്മേൽ സ്വീകരിച്ച് തുടർനടപടി സ്വീകരിച്ചതിനും,

2.കെട്ടിട ഉടമ അപേക്ഷയിൽ വാണിജ്യാവശ്യത്തിന് നമ്പർ ആവശ്യപ്പെട്ടുവെങ്കിലും 21/478 Eഎന്ന നമ്പർ കെട്ടിട ഭാഗത്തിന് പാർപ്പിടം എന്ന രീതിയിൽ നികുതി ചുമത്തിയതിനുള്ള വിശദീകരണം ലഭ്യമാക്കാനും,

3.കെട്ടിട നമ്പർ നൽകുന്നതിനായി സമർപ്പിച്ച അപേക്ഷാപ്രകാരം കെട്ടിടം പരിശോധിച്ചതിന്റെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കാനും ,

4.പ്രസ്തുത കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം നിലവിൽ പാർപ്പിടമായി ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് പരിശോധന റിപ്പോർട്ട് ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 23/2023-ന് മറുപടി ലഭ്യമാക്കിയില്ല. 1994-ലെ കേരള കേരള പഞ്ചായത്തിരാജ് ആക്ട് വകുപ്പ് 234(3) പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും, അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായെന്ന് കണ്ടെത്തിയാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12%പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. സഞ്ചയ പരിശോധിച്ച് കെട്ടിടങ്ങളുടെ വിസ്തീർണം, ഉപയോഗം ഉറപ്പുവരുത്തവാൻ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് സഞ്ചയയിലെ തെറ്റുകൾ പരിഹരിക്കാനും നികുതി ചോർച്ച തടയാനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സത്വര നടപടി എടുക്കേണ്ടതാണ്. മേൽ കെട്ടിടത്തിന്റെ ഉപയോഗം കണ്ടെത്തുന്നതിന് സ്ഥലപരിശോധന നടത്തി ലഭ്യമാകുന്ന റിപ്പോർട്ട് അനുസരിച്ച് നികുതി ചുമത്തി ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## 1-10-1 കെട്ടിടത്തിന് അംഗീകരിച്ച സ്ലാബ് പ്രകാരം നികുതി ചുമത്തിയിട്ടില്ല.നികുതി വരുമാനത്തിൽ കുറവ്.

വാണിജ്യാവശ്യത്തിനായി പെർമിറ്റ് നേടി നിർമ്മാണം പൂർത്തിയാക്കിയ ഒരു കെട്ടിടത്തിന് ഒന്നിൽ കൂടുതൽ നമ്പർ നൽകാമെങ്കിലും കെട്ടിടത്തെ ഒന്നായി കണക്കാക്കി നികുതി നിശ്ചയിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളുടെ നികുതി നിർണയത്തിൽ ഇപ്രകാരമുള്ള നിയമാനുസൃത നികുതി നിശ്ചയിക്കൽ നടത്തിയിട്ടില്ലായെന്ന് സഞ്ചയ സോഫ്റ്റ് വെയറിലെ പരിശോധനയിൽ കണ്ടെത്തി. ഉദാഹരണമായി സഞ്ചയയിലെ പരിശോധനയിൽ28/7/2018-ലെ BA-189557/2018 നമ്പർ പെർമിറ്റ് പ്രകാരം നിർമ്മിച്ച കെട്ടിടത്തിന് (ആകെ വിസ്തീർണം-1439.98m2)6/514 A-k വരെയുള്ള നമ്പറുകൾ നൽകി. A മുതൽ G വരെയുള്ള നമ്പറുകൾ മാത്രം പരിശോധിച്ചപ്പോൾ തന്നെ ഓരോ നമ്പറിലും 40.14$m^2$ വീതം വിസ്തീർണം രേഖപ്പെടുത്തി (ആകെ 280.98$m^2$-ന്) ഷോപ്പ് എന്ന ഉപയോഗക്രമം രേഖപ്പെടുത്തി ഓരോന്നിനും 40/-രൂപ അടിസ്ഥാന നികുതി ഈടാക്കി. എന്നാൽ കെട്ടിടം ഒന്നായി കണക്കാക്കി

പഞ്ചായത്ത് അംഗീകരിച്ച 100m$^2$-ന് മുകളിൽ 60/-രൂപ എന്ന നിരക്ക് ഈടാക്കിയിട്ടില്ല. ഇപ്രകാരം സംഭവിച്ച നികുതി ചോർച്ചയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 13/2023-ന് നൽകിയ മറുപടിയിൽ പഞ്ചായത്ത് അംഗീകരിച്ച സ്ലാബ് നിരക്ക് പ്രകാരം വസ്തുനികുതി പുതുക്കി നിശ്ചയിച്ച് കുടിശ്ശിക ഉൾപ്പടെ ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. നിയമാനുസൃത നികുതി നിരക്ക് ചുമത്തുന്നതിലുണ്ടാകുന്ന നികുതി ചോർച്ച അംഗീകരിക്കാവുന്നതല്ല. ആയതിനാൽ തുടർനടപടി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10-2 കെട്ടിടങ്ങൾക്ക് ഉപയോഗക്രമം അനുസരിച്ച് നികുതി ചുമത്തിയിട്ടില്ല.നികുതി വരുമാനത്തിൽ കുറവ് സംഭവിക്കുന്നു.

കേരള പഞ്ചായത്തിരാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ 2011) പ്രകാരം കെട്ടിട ഉടമ നികുതി റിട്ടേൺ ഫോറം (ചട്ടം) സമർപ്പിക്കുമ്പോൾ ആയത് പ്രകാരം കൃത്യത ഉറപ്പുവരുത്തുവാൻ ഉദ്യോഗസ്ഥനെ (ചട്ടം-12)ചുമതലപ്പെടുത്തി പ്രസ്തുത അന്വേഷണ റിപ്പോർട്ട് പ്രകാരം നികുതി ചുമത്തേണ്ടതുമാണ്.എന്നാൽ 2021-22 വർഷത്തിൽ വ്യാപാര സ്ഥാപനങ്ങൾക്ക് നൽകിയ ലൈസൻസ് പ്രകാരമുള്ള ഉപയോഗക്രമവും, പ്രസ്തുത കെട്ടിടങ്ങളുടെ സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉപയോഗക്രമവും തമ്മിൽ പൊരുത്തപ്പെടുന്നില്ലായെന്ന് കണ്ടെത്തി. അപ്രകാരം കണ്ടെത്തിയ ഏതാനും കെട്ടിടങ്ങളുടെ വിവരം ചുവടെ രേഖപ്പെടുത്തുന്നു.

| കെട്ടിട നമ്പർ | ലൈസൻസ് പ്രകാരം ഉപയോഗം | സഞ്ചയയിൽ പ്രസ്തുത കെട്ടിത്തിന്റെ ഉപയോഗം | വിസ്തീർണം |
|---|---|---|---|
| 1/752 | AVJ Redimix And Concrete Block India Pvt Limited | പാർപ്പിടം | 206 M$^2$ |
| 6/514 | SPകൺവെൻഷൻ സെന്റർ | പാർപ്പിടം | 320 M$^2$ |
| 10/289 | പാർപ്പിടം ബിൽഡേയ്സ് | പാർപ്പിടം | 110 M$^2$ |
| 1/333 | കെ.കെ .റോക്സ് | പാർപ്പിടം | 40 M$^2$ |

മേൽ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണകുറിപ്പ് 13/2023-ന് നൽകിയ മറുപടിയിൽ സഞ്ചയയിലെ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. കെട്ടിടങ്ങളുടെ ഉപയോഗക്രമം അനുസരിച്ച് നികുതി ചുമത്തേണ്ടത് പഞ്ചായത്തിന്റെ നിയമാനുസൃത ഉത്തരവാദിത്തം ആയതിനാൽ മേൽ വിവരിച്ച കെട്ടിടങ്ങളുടെ ഉപയോഗം പരിശോധിച്ച് ഉറപ്പു വരുത്തി അംഗീകരിച്ച നികുതിനിരക്കിൽ നികുതി ചുമത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇപ്രകാരം സംഭവിക്കുന്ന നികുതിചേർച്ച ഒഴിവാക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10-3 വാണിജ്യകെട്ടിടങ്ങളിൽ നിന്നും അടിസ്ഥാന നികുതി നിരക്ക് കുറവായി ഈടാക്കുന്നു.

1994-ലെ കേരള പഞ്ചായത്തിരാജ് ആക്ട് (1994-ലെ 13) 203-ാം വകുപ്പ് (2)-ഉം, (5)-ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ഗ്രാമപഞ്ചായത്തുകൾ ഉപയോഗക്രമം അനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും,കുറഞ്ഞതുമായ നിരക്കുകൾ നിശ്ചയിക്കണ്ടതാണ്. അപ്രകാരമുള്ള നിരക്കുകൾ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയയിലെ പരിശോധനയിൽ കെട്ടിടങ്ങൾക്ക് അപ്രകാരം അംഗീകരിച്ച നിരക്കിൽ നിന്നും കുറവായി നികുതി നിശ്ചയിച്ചിരിക്കുന്നതായി ഓഡിറ്റിന് ബോധ്യപ്പെട്ടു. ഏതാനും കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സഞ്ചയപ്രകാരം വിസ്തീർണം,ഉപയോഗ ക്രമം | ഈടാക്കേണ്ട നികുതി നിരക്ക് | ഈടാക്കിയ നിരക്ക് | M$^2$-ന് അടിസ്ഥാന നികുതിയിലെ കുറവ് | റിമാർക്സ് |
|---|---|---|---|---|---|
| 15/310 F | 116.21 M$^2$ ഷോപ്പ് | 60/- | 40/- | 20/-രൂപ | |
| 15/310 H | 170 M$^2$ ഷോപ്പ് | 60/- | 40/- | 20/-രൂപ | |
| 10/402 | 150 M$^2$ ഷോപ്പ് | 60/- | 40/- | 20/-രൂപ | |
| 3/101 | 185 M$^2$ ഷോപ്പ് | 60/- | 40/- | 20/-രൂപ | |
| 10/438 C | അപ്പോളോ ഫാർമസി 183.88 M$^2$ | 60/- | 40/- | 20/-രൂപ | |
| 10/392 B | ഷോപ്പിംഗ് മാൾ208.83 M$^2$ | 60/- | 40/- | 20/-രൂപ | |

| | | | | | |
|---|---|---|---|---|---|
| 10/392 E | ഷോപ്പ് 208.83 $M^2$ | 60/- | 40/- | 20/-രൂപ | |
| 10/392 F | ഷോപ്പ് 115.27 $M^2$ | 60/- | 40/- | 20/-രൂപ | |
| 10/392 G | ഷോപ്പ് 115.27 $M^2$ | 60/- | 40/- | 20/-രൂപ | |

ഇപ്രകാരം നിയമാനുസൃത അടിസ്ഥാന നികുതി നിരക്ക് ചുമത്തിയതിലുണ്ടായ കുറവ് പ്രകാരം സംഭവിക്കുന്ന നികുതി ചോർച്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 13/2023- ന് നൽകിയ മറുപടിയിൽ മുൻകാല പ്രാബല്യത്തോടെ വസ്തു നികുതി പുതുക്കിനിശ്ചയിച്ച് കുടിശ്ശിക ഉൾപ്പടെ ഈടാക്കുന്നതിന് നടപടികൾ ആരംഭിച്ചതായി അറിയിച്ചു. തുടർ നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-10-4 വഴി സൌകര്യം അനുസരിച്ച് കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിയിൽ വർദ്ധനവ് ചുമത്തുന്നില്ല.

കെട്ടിട നിർമ്മാണം പൂർത്തിയായതായി ഉടമസ്ഥൻ രേഖാമൂലം അറിയിച്ചു കഴിഞ്ഞാൽ ഉദ്യോഗസ്ഥർ ഫീൽഡ് സന്ദർശനം നടത്തി ഫോറം 6-ൽ ശേഖരിക്കുന്ന വിവരങ്ങൾ സഞ്ചയയിൽ ഡാറ്റാ എൻറി നടത്തുമ്പോൾ ചട്ടങ്ങൾ പ്രകാരം സഞ്ചയ വസ്തുനികുതി കണക്കാക്കി ലഭ്യമാകുന്നതാണ്. എന്നാൽ കെട്ടിടങ്ങളുടെ തരം, വിസ്തീർണം, മേഖല, റോഡ് സൗകര്യം, ഉപയോഗക്രമം, സെൻട്രലൈസ്ഡ് എ.സി. തുടങ്ങിയ നികുതി നിർണയത്തെ ബാധിക്കുന്ന ഘടകങ്ങൾ കൃത്യമായാണോ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതുണ്ട്. 15-3-2013-ലെ സ.ഉ.(അ)നമ്പർ 100/13ത.സ്വ.ഭ.വ.ഉത്തരവ് പ്രകാരം പഞ്ചായത്ത് പ്രദേശത്തുകൂടി കടന്ന് പോകുന്ന റോഡുകളുടെയും നടപ്പാതകളുടെയും വീതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്തെ മേഖല തിരിച്ച് പട്ടിക പ്രസിദ്ധീകരിക്കേണ്ടതാണ്. എന്നാൽ അത്തരത്തിൽ വിജ്ഞാപനം ചെയ്തതിന്റെ കോപ്പി ഓഡിറ്റിന് സമർപ്പിച്ചില്ല. കെട്ടിടത്തിലേക്കുള്ള വഴി സൗകര്യം അനുസരിച്ചും നികുതിയിൽ ഏറ്റകുറച്ചിൽ ഉണ്ടാകും. 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നുള്ള പ്രവേശന മാർഗ്ഗം ഉണ്ടെങ്കിൽ പ്രസ്തുത കെട്ടിടത്തിന് അടിസ്ഥാന കെട്ടിട നികുതിയുടെ 20% വർദ്ധനവ് നൽകേണ്ടതാണ്. കെട്ടിട പൂർത്തീകരണ പ്ലാനിൽ റോഡ് വീതി (പ്രവേശന മാർഗ്ഗം) 5m-ൽ കൂടുതൽ എന്ന് സാക്ഷ്യപ്പെടുത്തിയിരുന്നിട്ടും അനേകം കെട്ടിടങ്ങൾക്ക് നിയമാനുസൃത നികുതി വർദ്ധനവ് നൽകിയിട്ടില്ലായെന്ന് ഫയൽ പരിശോധനയിൽ കണ്ടെത്തി. ഉദാഹരണമായി A3-5890/21 നമ്പർ ഫയൽ പ്രകാരം പൂർത്തിയായ കെട്ടിടത്തിന് നമ്പർ നൽകി. കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാനിൽ റോഡ് വീതി 7മീറ്റർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന് 10/695 B, C, D (യഥാക്രമം 22.44 $M^2$, 22.44$m^2$, 7.48$m^2$) എന്നിങ്ങനെ നമ്പർ നൽകിയപ്പോൾ വഴി സൗകര്യത്തിന് അനുസരിച്ച് നികുതി വർദ്ധനവ് നൽകിയിട്ടില്ല. മറ്റ് അനേകം കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയതിലും ഇത്തരം പിഴവുകൾ സംഭവിച്ചിരിക്കുന്നതായി ഓഡിറ്റിന് ബോധ്യപ്പെട്ടു. കെട്ടിടങ്ങൾക്ക് നികുതി ചുമത്തുമ്പോൾ വഴി സൗകര്യത്തിന് അനുസരിച്ച് അടിസ്ഥാനനികുതിയിൽ വർദ്ധനവ് ചേർത്ത് സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തിൽ കെട്ടിട നികുതി നിർണ്ണയിച്ച മുഴുവൻ അപേക്ഷകളും പുന:പരിശോധിക്കേണ്ടതും നികുതി നഷ്ടം വന്നിട്ടുള്ളതായി ബോധ്യപ്പെടുന്ന പക്ഷം ആയത് പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം നികുതി ഈടാക്കേണ്ടതുമാണ്.

1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 234(3)പ്രകാരം യഥാസമയം നടപടി എടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ, മറ്റു സംഖ്യകളോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ ഉദ്യോഗസ്ഥരുടേയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ, അങ്ങനെ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം കാരണക്കാരായ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാം. നികുതി നിർണ്ണയം സർക്കാർ ഉത്തരവുകൾ/നിർദ്ദേശങ്ങൾ പാലിച്ച് കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതും, നികുതി ചോർച്ച തടയേണ്ടതുമാണ്. ഇത്തരത്തിലുള്ള അപാകങ്ങൾ ആവർത്തിക്കുന്നത് ഭാവിയിൽ ഗൗരവതരമായി വീക്ഷിക്കുന്നതാണ്.

## 1-11 നിർമ്മാണ പെർമിറ്റ് അപേക്ഷകളിൽ നിന്നും നിയമാനുസൃത ഫീസ് ഈടാക്കുന്നില്ല.

കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷകൾ സമർപ്പിക്കപ്പെടുമ്പോൾ തന്നെ അപേക്ഷകരിൽ നിന്നും അപേക്ഷാ ഫീസ് ഈടാക്കേണ്ടതും പ്രസ്തുത വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2021- 22 വർഷത്തിൽ പെർമിറ്റിനായി ലഭിച്ച 15-ലധികം അപേക്ഷകരിൽ നിന്നും പട്ടിക പ്രകാരമുള്ള അപേക്ഷാ ഫീസ് ഈടാക്കിയതായ വിവരം രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകളിൽ നിന്നും നിയമാനുസൃത ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് വിവരങ്ങളും ഈടാക്കിയിട്ടില്ലായെങ്കിൽ ആയതിനുള്ള വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ

അന്വേഷണകുറിപ്പ് 20/2023-ന് നൽകിയ മറുപടിയിൽ ചുവടെ വിവരിക്കുന്ന അപേക്ഷകളിൽ നിന്നും നിയമാനുസൃത ഫീസ് ഈടാക്കിയിട്ടില്ലായെന്ന് അറിയിച്ചു.

| ഫയൽ നമ്പർ,തിയതി | വിസ്തീർണം | കെട്ടിടത്തിന്റെ ഉപയോഗം | അപേക്ഷാ ഫീസ് |
|---|---|---|---|
| A3-5625/21, 4/5/21 | 125.18 M2 | വാസഗ്രഹം | 30/- |
| A3-11666,29/11/21 | പ്ലോട്ട് ഡവലപ്പ്മെന്റ് | | 30/- |
| A3-11923,17/11/21 | | ചുറ്റ് മതിൽ | 10/- |

പഞ്ചായത്തിന് ലഭിക്കേണ്ട ഫീസ് തനത് ഫണ്ടിൽ മുതൽക്കൂട്ടിയെന്ന് ഉദ്യോഗസ്ഥ തലത്തിൽ ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി മേൽ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കുറവായി ഈടാക്കിയ ഫീസ് തനത് ഫണ്ടിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

പഞ്ചായത്തിന്റെ നികുതി പിരിക്കുന്നതിനായി ഉപയോഗിക്കുന്ന രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 83 പ്രകാരം രസീത് ബുക്കുകൾ ലഭിച്ചാൽ ഉടൻ തന്നെ നമ്പറിടുകയും സ്റ്റോക്ക് ബുക്കിൽ എഴുതി ചേർക്കേണ്ടതുമാണ്. അതിനുശേഷം മാത്രമെ ഇഷ്യൂ ചെയ്യാൻ പാടുള്ളൂ. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രജിസ്റ്ററിൽ ഇഷ്യൂ ചെയ്ത രസീതു ബുക്കുകളുടെ വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഔട്ട് ഡോർ കളക്ഷനായി ഉപയോഗിച്ചിട്ടുള്ള 1651 മുതൽ 1665 വരെയുള്ള രസീതു ബുക്കുകൾ ഇഷ്യൂ ചെയ്തതിന്റെ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 50,56,20.1.2023) മറുപടി ലഭ്യമാക്കിയില്ല. നികുതി പിരിക്കുന്നതിനായി ഉപയോഗിക്കുന്ന രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തത് അശ്രദ്ധ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം നടപടി വീഴ്ചകൾ പണാപഹരണം പോലുള്ള കൃത്യ വിലോപത്തിന് കാരണമായേക്കും. മേലിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, മേൽ പറഞ്ഞിരിക്കുന്ന രസീതു ബുക്കുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-13 നിയമാനുസൃത ഡവലപ്മെന്റ് ഫീസ് ഈടാക്കിയില്ല. തുടർനടപടി സ്വീകരിക്കേണ്ടതാണ്.

A4-664/2021 നമ്പർ ഫയൽ പ്രകാരം ശ്രീമതി കാർത്ത്യായനി എന്നയാൾ തന്റെ വസ്തു ചേർന്ന് സ്ഥിതിചെയ്യുന്ന ഒരു ഏക്കറിലധികം വിസ്തീർണമുള്ള ഭൂമിയുടെ ഉടമ വസ്തു വില്പനയ്ക്ക് വേണ്ടി ജെ.സി.ബി. ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്തതിനാൽ വീടിനും ജീവനും അപകട ഭീഷണിയുണ്ടെന്നും അനന്തര നടപടി സ്വീകരിക്കണം എന്നും ആവശ്യപ്പെട്ട് പരാതി നൽകി. ഗ്രാമപഞ്ചായത്ത് നടത്തിയ അന്വേഷണത്തിൽ പ്രസ്തുത വീട് ചേർന്ന് എതിർ കക്ഷിയായ ശ്രീ.കൃഷ്ണകുമാർ വസ്തുവിൽ നിന്നും 3 മീറ്ററധികം താഴ്ചയിൽ മണ്ണ് ജെ.സി.ബി.ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്തതായി റിപ്പോർട്ട് ചെയ്തു. ആയത് അനുസരിച്ച് 26/8/2021-ൽ എതിർകക്ഷിയായ ശ്രീ.കൃഷ്ണകുമാറിന് കേരള പഞ്ചായത്തിരാജ് കെട്ടിട നിർമ്മാണ ചട്ടം (10) പ്രകാരം തുടർ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി. പ്രസ്തുത ഫയൽ പരിശോധിച്ച് അന്വേഷണകുറിപ്പ് 26 /2023 പ്രകാരം ചുവടെ ആവശ്യപ്പെടുന്ന അധിക വിവരങ്ങൾ ലഭ്യമാക്കാൻ അറിയിച്ചു.

1.എതിർകക്ഷിയായ ശ്രീ.കൃഷ്ണകുമാർ തന്റെ വസ്തുവിൽ നിന്നും മണ്ണ് മാറ്റുന്നതിനും, ഭൂമി പ്ലോട്ടുകൾ ആക്കുന്നതിനും പഞ്ചായത്തിൽ നിന്നും ലാന്റ് ഡെവലപ്മെന്റ് പെർമിറ്റ് നേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാനും,

2.ലാന്റ് ഡെവലപ്മെന്റ് പെർമിറ്റ് നൽകിയിട്ടില്ലായെങ്കിൽ വസ്തു ഉടമയ്ക്കെതിരെ അനധികൃത നിർമ്മാണം എന്ന രീതിയിൽ നടപടി സ്വീകരിക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കാനും

3.22/7/2021- ലെ അന്വേഷണ റിപ്പോർട്ടിൽ ടി കൃഷ്ണകുമാർ പെർമിറ്റിന് അപേക്ഷാ നൽകിയിട്ടില്ലായെന്നും, പെർമിറ്റ് അനുവദിച്ചിട്ടില്ലായെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ആയത് ബോധ്യപ്പെട്ടശേഷം തുടർനടപടി സ്വീകരിക്കാത്തതിനാൽ ലാന്റ് ഡെവലപ്മെന്റ് പെർമിറ്റ് ഇനത്തിൽ പഞ്ചായത്തിന് വരവ് നഷ്ടം സംഭവിച്ചു.

അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പെർമിറ്റ് നൽകിയിട്ടില്ലായെന്നും ലാന്റ് ഡെവലപ്മെന്റ് ഫീസ് ഈടാക്കിയിട്ടില്ലായെന്നും തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. 2011- ലെ കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഏതെങ്കിലും ഉണ്ട് ഭൂമിയുടെ വികസനത്തിന് എല്ലാ വ്യക്തികളും അനുബന്ധം AA-ലെ ഫോറത്തിൽ രേഖാമൂലം സെക്രട്ടറിയ്ക്ക് അപേക്ഷ നൽകേണ്ടതാണ്. കൂടാതെ ഭൂമിയുടെ അവകാശം തെളിയിക്കുന്ന രേഖകളും പ്ലാനുകളും പട്ടിക I-ലെ ഫീസും സെക്രട്ടറിയ്ക്കക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ അപേക്ഷ നൽകി അനുവാദം നേടാതെ ഭൂവികസനം നടത്തിയതായി ഫീൽഡ് തല റിപ്പോർട്ട് ലഭിച്ചിട്ടും തുടർനടപടി സ്വീകരിക്കാത്തതിനാൽ ഫീസ് ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ സെക്രട്ടറി വീഴ്ച വരുത്തിയതായി ഓഡിറ്റ് കണ്ടെത്തി. ആയതിനാൽ ഭൂമി പഞ്ചായത്ത് എ.ഇ.യുടെ നേതൃത്വത്തിൽ അളന്ന് നിയമാനുസൃത നടപടി സ്വീകരിച്ച് പെർമിറ്റ് ഫീസ് ഈടാക്കേണ്ടതും , അല്ലാത്തപക്ഷം നിയമാനുസൃത നടപടി സ്വീകരിച്ചും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തുടർ നടപടി

സ്ഥീകരിച്ച് നഷ്ടപ്പെട്ട തുക ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല.

കേരള പഞ്ചായത്തിരാജ് ആക്ട് സെക്ഷൻ 204(1) പ്രകാരം പഞ്ചായത്തിൽ ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതി ആവശ്യപ്പെടാവുന്നതാണ്. 2021-22 വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരശോധിച്ചതിൽ ചുവടെ വിവരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ അന്വേഷണകുറിപ്പ് 27/2023 നൽകിയതിനെ തുടർന്ന് സമർപ്പിച്ച മറുപടിയിൽ അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും നോട്ടീസ് നൽകി തുക ഈടാക്കി വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു.

A.തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ.

| |
|---|
| കെ.എസ്.ഇ.ബി.നരുവാമൂട് |
| ബി.എസ്.എൻ,എൽ. |
| സതോൺ ഗ്രാനൈറ്റ്സ് |
| കെ.കെ.റോക്സ് |
| എ.വി.ജെ.റെഡിമിക്സ് ആന്റ് ബ്ലോക്സ് ഇന്ത്യ ലിമിറ്റഡ്. |
| ദീപം സെക്യൂരിറ്റി സർവ്വീസ് പ്രാവച്ചമ്പലം-(ആദ്യ പകുതി അടവാക്കിയിട്ടില്ല) |
| കെ.റ്റി.ഡി.സി.പ്രാവച്ചമ്പലം(ആദ്യ പകുതി) |

2020-21 വർഷത്തിൽ മേൽ വിവരിച്ച സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിരുന്നു.

B.2021-22 വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ.

| |
|---|
| വീണാ മെറ്റൽ ആന്റ് ക്രഷർ യൂണിറ്റ് മലയം |
| വാലി ഇംപക്സ് പ്രൈവറ്റ് ലിമിറ്റഡ്. |
| ദീപം സെക്യൂരിറ്റി സർവ്വീസ് |

പഞ്ചായത്തിന്റെ തനത് ഫണ്ടിൽ മുതൽ കൂട്ടേണ്ട നികുതികൾ അടവാക്കാനുള്ള നടപടി സ്വീകരിച്ച് തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നികുതി പിരിവ് ഊർജിതമാക്കുന്നതിനായി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ആവശ്യമായ നടപടികളും അവലോകനവും നടത്തേണ്ടതാണ്.

## 1-15 റേഷൻകടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല.

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തി. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻകടകൾ ലൈസൻസ് ഫീസിൽ നിന്നും,തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും,തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി അടവാക്കാത്ത പക്ഷം റേഷൻകടകളുടെ മേൽ അധികാരിയെന്ന നിലയിൽ താലൂക്ക് സപ്ലൈ ആഫീസർക്ക് അറിയിപ്പ് നൽകി പ്രസ്തുത നികുതി ഈടാക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി കുടിശ്ശികയായ 6507257/- രൂപ പിരിച്ചെടുക്കവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

2021-22വർഷത്തെ DCB സ്റ്റേറ്റ്മെന്റ് പ്രകാരം 6507257/- രൂപ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ളതായി

കാണുന്നു. വാർഡ് തല വസ്തുനികുതി കുടിശ്ശിക തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് | കുടിശ്ശിക | വാർഡ് | കുടിശ്ശിക | വാർഡ് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 265205 | 11 | 331830 | 21 | 287505 |
| 2 | 451555 | 12 | 146877 | 22 | 471773 |
| 3 | 333513 | 13 | 138230 | 23 | 239490 |
| 4 | 271054 | 14 | 212792 | ആകെ | 6507257/- |
| 5 | 175159 | 15 | 472690 | | |
| 6 | 304745 | 16 | 335227 | | |
| 7 | 218734 | 17 | 216996 | | |
| 8 | 441858 | 18 | 246918 | | |
| 9 | 157141 | 19 | 142783 | | |
| 10 | 473759 | 20 | 171421 | | |

വസ്തു നികുതി കുടിശ്ശിക വാർഷിക ധനകാര്യപത്രികയും DCB പത്രികയും പൊരുത്തപ്പെടുന്നില്ല. വസ്തുനികുതി കുടിശ്ശിക ഈടാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 38/2023 -ന് നൽകിയ മറുപടിയിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഭീമമായ വസ്തുനികുതി കുടിശ്ശിക തനത് ഫണ്ടിന്റെ ശോഷണത്തിന് ഇടയാവുകയും വികസനപ്രവർത്തനങ്ങളെ ബാധിക്കുകയും ചെയ്യുമെന്നതിനാൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് വാർഡ് പ്രതിനിധികളുടെ സഹകരണത്തോടെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി സത്വര നടപടി സ്വീകരിക്കേണ്ടതാണ്. വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ആവശ്യമുള്ള പക്ഷം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 210 പാലിച്ച് നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 മെഷീൻ ഫീസായി 11000/-രൂപ ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഒടുക്കു വരുത്തി

2021- 22 വർഷത്തിൽ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങൾ പ്രകാരം ലൈസൻസ് നേടുന്നതിനായി അപേക്ഷകൻ മൂലധന നിക്ഷേപമ അടിസ്ഥാനമാക്കിയുള്ള ഫീസും, വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രിയോ, നിർമ്മാണ പ്ലാന്റോ ഏതെങ്കിലും സ്ഥലത്ത് സ്ഥാപിക്കുവാൻ 233-ാം വകുപ്പ് പ്രകാരം പട്ടിക 111 പ്രകാരമുള്ള മെഷീൻ ഫീസും അടവാക്കേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള നിയമാനുസൃത ഫീസ് ഈടാക്കാതെ ലൈസൻസ് നൽകിയതായി കണ്ടെത്തി. 11-2-2022-ലെ B1-3633/22 നമ്പർ ഫയൽ പ്രകാരം VSC ഹോളോ ബ്രിക്സ് &ക്രഷിംഗ് യൂണിറ്റിന് ലൈസൻസ് നൽകി. അപേക്ഷകൻ അപേക്ഷയിൽ 1130 HP-യുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തി. എന്നാൽ 7/3/2022- ലെ 121030107933 നമ്പർ രസീത് പ്രകാരം മെഷീൻ ഫീസ് ഇനത്തിൽ (അദർ ഫീസ്) 1300/-രൂപ മാത്രമാണ് ഈടാക്കിയത്. എന്നാൽ നിയമാനുസൃത ഫീസ് ആയി 11300/-രൂപ ഈടാക്കേണ്ടതായിരുന്നു. 10000/-രൂപ കുറവായി ഈടാക്കിയതിനുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 10/2023 നമ്പർ അന്വേഷണകുറിപ്പ് നൽകി. അന്വേഷണകുറിപ്പിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് പഞ്ചായത്ത് നോട്ടീസ് നൽകുകയും ആയത് പ്രകാരം 11000 (പിഴ തുക 1000/-ഉൾപ്പടെ) രൂപ 11-01-2023-ലെ 1220203190 നമ്പർ രസീത് പ്രകാരം അടവാക്കുകയും ചെയ്തു. സേവനങ്ങൾക്ക് ചുമത്തിയിരിക്കുന്ന നിയമാനുസൃത ഫീസ് ഈടാക്കുവാൻ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-18 കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ -അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

2021-22 വർഷത്തിൽ കാർഷികമേഖലയുടെ വികസനത്തിനായി 7777057/-രൂപ വകയിരുത്തി 19 പദ്ധതികൾക്ക് അംഗീകാരം നേടുകയും 15 പദ്ധതികൾക്കായി 4517935/- രൂപ ചെലവഴിക്കുകയും ചെയ്തു. പദ്ധതി നടത്തിപ്പിൽ So31/22(സുഭിക്ഷ കേരളം-മരിച്ചീനി കൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി ,So 30/21-22 (സുഭിക്ഷ കേരളം-വാഴ കൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി, So183/21-22 (വാഴകൃഷി) മുതലായ പദ്ധതികളിലെ നടത്തിപ്പിലെ അപാകങ്ങൾ ചുവടെ വിവരിക്കുന്നു. പ്രസ്തുത പദ്ധതികൾക്കായി കൂലിചെലവ് ഇനത്തിൽ തുക കൈമാറി. കൃഷി ഭൂമി സ്വന്തമായി ഇല്ലാത്തവർ പാട്ടകൃഷി ചീട്ട് സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പാട്ടച്ചീട്ടുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭൂമിയുടെ ആധികാരികത തെളിയിക്കുന്നതിനായി ഭൂമിയുടെ കരം അടവാക്കിയതിന്റെ രേഖ സമർപ്പിച്ചിട്ടില്ല. കൂടാതെ പാട്ടകൃഷി കർഷകർ പാട്ടകൃഷിയ്ക്ക് എടുത്ത കൃഷിഭൂമിയിൽ കൃഷി ചെയ്തതായി കൃഷി ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇപ്രകാരം പദ്ധതി ആനുകൂല്യം ലഭിച്ച ഏതാനും കർഷകരുടെ പേര് ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ഗുണഭോക്താവ് | അനുവദിച്ച തുക | ബിൽ നമ്പർ |
|---|---|---|---|
| 31/21-22 (സുഭിക്ഷ കേരളം മരിച്ചീനി കൃഷിയ്ക്ക കൂലിച്ചെലവ് സബ്സിഡി) | ജോർജ് | 16000/- | 21, 31-1-22 |
| ,, | രാമചന്ദ്രൻ | 16000/- | ,, |
| ,, | രാജേന്ദ്രൻ | 8000/- | ,, |
| ,, | കുമാരി | 10000/- | ,, |
| ,, | ദിലീപ് | 12000/- | ,, |
| ,, | ജസ്റ്റിൻ | 10000/- | ,, |
| ,, | ശശിധരൻ നായർ | 5600/- | ,, |
| ,, | ശിവകുമാരൻ നായർ | 5600/- | ,, |
| ,, | ശിവകുമാർ | 10000/- | ,, |

| | | | |
|---|---|---|---|
| 30/21-22(വാഴകൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി) | രാമചന്ദ്രൻ | 12000/- | 22,31-1-2022 |
| ,, | രാജേന്ദ്രൻ | 9000/- | ,, |
| ,, | അഖിൽ | 4500/- | ,, |
| ,, | ശശിധരൻ നായർ | 8400/- | ,, |
| ,, | സരസമ്മ | 5400/- | ,, |

| | | | |
|---|---|---|---|
| 183/21(വാഴകൃഷി-സ്പിൽഓവർ) | സോമ കുമാർ | 15000/- | 3, 17/9/21 ,250000/-<br>4, 8/11/2021 ,152500/-<br>5, 8/11/2021 250000/-<br>6, 8/11/2021 250000/- |
| ,, | രാമചന്ദ്രൻ | 15000/- | ,, |
| ,, | ശശിധരൻ നായർ | 12500/- | ,, |
| ,, | രത്നാകരൻ | 7500/- | ,, |
| ,, | തങ്കപ്പൻ | 5000/- | ,, |
| ,, | സ്വർണാഭായി | 5000/- | ,, |
| ,, | ജയകുമാർ | 7500/- | ,, |

പാട്ടകൃഷിച്ചീട്ടിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനായി അതിൽ വിവരിക്കുന്ന സർവ്വെ നമ്പരിലെ വസ്തുവിന്റെ കരം അടച്ച രസീതിന്റെ കോപ്പി ഫയലിൽ സൂക്ഷിക്കാതെയും ,സാക്ഷ്യപ്പെടുത്തൽ ഇല്ലാതെയും തുക നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 29 /2023 -ന് നൽകിയ മറുപടിയിൽ തുടർവർഷങ്ങളിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. വാഴകൃഷിയ്ക്കോ, മറ്റ് കൃഷികൾക്കോ, സബ്സിഡി മാർഗ്ഗരേഖയിലെ കാർഷിക വികസനം ഖണ്ഡിക 6-1,7-1 പ്രകാരം മാഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള ശ്രമം പഞ്ചായത്ത് തലത്തിൽ ആരംഭിച്ചിട്ടില്ല. കൂടാതെ കൃഷിക്ക് വിള ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടില്ല. വരും വർഷങ്ങളിൽ അപാകങ്ങൾ പരിഹരിച്ച് കാർഷിക മേഖലയിലെ വികസനത്തിന് പദ്ധതികൾ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 വാട്ടർ ചാർജിനത്തിൽ ഭീമമായ കുടിശിക അവശേഷിക്കുന്നത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

1) കേരള വാട്ടർ അതോറിറ്റി 09/03/2022 ൽ പഞ്ചായത്തിനു നൽകിയ കത്തു പ്രകാരം സ്വിമ്മിംഗ് പൂൾ, 3 അംഗൻ വാടികൾ, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിലെ വാട്ടർ ചാർജ് 2016 മുതൽ അടവാക്കിയിട്ടില്ലാത്തതായും 59,45,160/-രൂപയുടെ കുടിശ്ശിക അടവാക്കാൻ അവശേഷിക്കുന്നതായും അറിയിച്ചിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കൺസ്യൂമർ നമ്പർ | കാലയളവ് | പലിശയുൾപ്പെടെ കുടിശിക |
|---|---|---|---|
| 1 | PCL 2978 N സ്വിമ്മിംഗ് പൂൾ | 12/2016 മുതൽ 02/2022 വരെ | 5347164 |
| 2 | PCL2829 N അംഗൻവാടി നം 106 പള്ളിച്ചൽ | 07/2017 മുതൽ 01/2022 വരെ | 41020 |

| | | | |
|---|---|---|---|
| 3 | PCL 2886 N അംഗൻവാടി PP4 പള്ളിച്ചൽ | 01/2021 മുതൽ 02/2022 വരെ | 14356 |
| 4 | PCL 4394 N അംഗൻവാടി, വെടിവച്ചാൻകോവിൽ | 09/2019 മുതൽ 03/2022 വരെ | 7723 |
| 5 | PCL 968 N പഞ്ചായത്ത് ഓഫീസ് , വെടിവച്ചാൻ കോവിൽ | 10/2016 മുതൽ 02/2022 വരെ | 304541 |
| 6 | PCL 3358 N പഞ്ചായത്ത് ഓഫീസ് , വെടിവച്ചാൻ കോവിൽ | 10/2018 മുതൽ 02/2022 വരെ | 231092 |

ഇതു സംബന്ധിച്ച ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം കോവിഡ് കാലമായതിനാൽ അംഗൻവാടികൾ പ്രവർത്തിച്ചിരുന്നില്ല എന്നും ആയതിനാൽ സംജാതമായ കുടിശിക അടവാക്കണമെന്നും ഐ.സി.ഡി.എസ് സൂപ്പർവൈസർ ആവശ്യപ്പെട്ടിരിക്കുന്നു. എന്നാൽ വാട്ടർ അതോറിറ്റി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി നൽകിയിരിക്കുന്ന കുടിശ്ശിക സ്റ്റേറ്റ്മെന്റിൽ 2016 മുതലുള്ള വെള്ളക്കരം അടവാക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. വാട്ടർ ചാർജ് യഥാസമയം അടവാക്കാതെ ഇത്തരത്തിൽ കുടിശികയാക്കി പലിശയുൾപ്പെടെ അടവാക്കേണ്ടിവരുന്നത് പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാക്കുന്നതാണ്. കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ, വാട്ടർ ചാർജ് 2016 മുതൽ അടവാക്കാത്തതിന്റെ കാരണം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 60: 20/01/23). മറുപടി ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച രജിസ്റ്റർ ഓഡിറ്റിനു ലഭ്യമാക്കിയില്ല. തൻവർഷം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി 920622/- രൂപ 31/03/23 ന് ചെക്ക് നമ്പർ 350625 പ്രകാരം ഒടുക്കുവരുത്തിയിട്ടുണ്ട്. ഒടുക്കുവരുത്തിയ തുക എപ്രകാരം കണക്കാക്കിയതാണെന്നും ഏതു കാലയളവുവരെയുള്ള ഏതൊക്കെ ടാപ്പുകളുടെതാണെന്നും വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൊതു ടാപ്പുകളുടെയും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെയും വാട്ടർ ചാർജ് നാളിതുവരെ അടവാക്കിയ തുകകൾ ഏതു കാലയളവുവരെ സെറ്റിൽ ചെയ്തിട്ടുണ്ട് എന്നതുസംബന്ധിച്ച വിവരം അടിയന്തിരമായി പരിശോധിച്ച് കണ്ടെത്തി ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ അടവാക്കുന്ന തുകകൾ നിലവിൽ എല്ലാ പഞ്ചായത്തുകളുടെയും വാട്ടർ അതോറിറ്റിയുടെ ഒരു അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യുന്നത്. ആയത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ പേരിൽ വരവുവക്കാത്ത പക്ഷം കുടിശ്ശികയായി വീണ്ടും ഡിമാന്റ് ചെയ്യപ്പെടാൻ സാധ്യതയുണ്ട്. ഗ്രാമപഞ്ചായത്ത് വാട്ടർ ചാർജിനത്തിൽ മുൻ വർഷങ്ങളിൽ അടവാക്കിയ തുകകൾ ഗ്രാമപഞ്ചായത്തിന്റെ പേരിൽ വരവ് വച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതും കുടിശിക തുക ശരിയാണോയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച തുടർ നടപടി സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-20 ആംബുലൻസ് വരവ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

ആംബുലൻസ് തുക അടവാക്കുന്നതിന്റെ കൃത്യത ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല. സ.ഉ (എം.എസ്) നം.150/2009 എൽ.എസ്.ജി.ഡി. തീയതി:1.8.2009 പ്രകാരം സെക്രട്ടറി/അക്കൌണ്ടന്റ് പഞ്ചായത്തിന്റെ എല്ലാ സാമ്പത്തിക ഇടപാടുകൾക്കും കൃത്യമായ കണക്ക് സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 10 പ്രകാരം കൌണ്ടർ ഫോയിലിലെ രേഖപ്പെടുത്തലുകൾ അസ്സൽ കളക്ഷൻ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തി പരിശോധിക്കേണ്ടതാണ്. കളക്ഷൻ തുക ഡ്രൈവർ ഫ്രണ്ട് ഓഫീസിൽ അടവാക്കി രസീത് സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആംബുലസിന്റെ വരവ് രജിസ്റ്റർ സെക്രട്ടറി /അക്കൌണ്ടന്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആംബുലൻസിന്റെ സേവനത്തിനായി കളക്ട് ചെയ്യുന്ന തുകയ്ക്ക നൽകുന്ന രസീതുകളിൽ ഡബിൾ സൈഡ് കാർബൺ (കേരള ട്രഷറി കോഡ് വാല്യം Iആർട്ടിക്കിൾ 90(എ))ഉപയോഗിച്ചിട്ടില്ല. രസീതുബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തിയിട്ടില്ല. ടി അപാകങ്ങൾക്ക് മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ വരവിനങ്ങളിലെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-21 പഞ്ചായത്ത് തല ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതാണ്.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തര ധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഓരോ പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാടിസ്ഥാനമുള്ള കലാ-കായിക -വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് സംഭാവനകൾ സ്വീകരിച്ചും

ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവു- ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്. 2021-22 വർഷത്തിലെ വാർഷികധനകാര്യപത്രികയിൽ പഞ്ചായത്ത് തല ദുരിതാശ്വാസ നിധിയുടെ മുന്നിരിപ്പ് 3693/- രൂപയും 2022 മാർച്ചിലെ നീക്കിയിരിപ്പ് 3740/-രൂപയുമാണ്. ദുരിതാശ്വാസ നിധിയിൽ 2021-22-ൽ പലിശയിനത്തിൽ മാത്രമാണ് വരവ് വന്നിട്ടുള്ളത്. ദുരിതാശ്വാസ നിധിയിൽ തുക സ്വരൂപിക്കുന്നതിനോ, അർഹരായവർക്ക് ആയത് വിതരണം ചെയ്യുന്നതിനോ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 2/2022 – ന് നൽകിയ മറുപടിയിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നിർദ്ധനരായ ജനങ്ങൾക്ക് ദുരിതകാലത്ത് കൈതാങ്ങായി മാറുന്ന ദുരിതാശ്വാസനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും മറ്റ് മാർഗങ്ങൾ വഴിയും ധന സമാഹരണം നടത്തി ഏറ്റവും അർഹർക്ക് വേണ്ട സമയത്ത് ധനസഹായം എത്തിയ്ക്കാൻ ഭരണസമിതി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 അഗതി രഹിത കേരള പദ്ധതി - ഭക്ഷ്യകിറ്റ് വിതരണ വിവരങ്ങൾ പൂർണ്ണമല്ല

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | അഗതി രഹിത കേരള പദ്ധതിയ്ക്ക് പഞ്ചായത്ത് വിഹിതം നൽകൽ (07/22) |
| അടങ്കൽ തുക | 1958800/- |
| ചെലവ് തുക | 289652/- |
| ബിൽ നം തീയതി | 9/24.11.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പ്രവൃത്തി നിർവ്വഹണത്തിന്റെ ഭാഗമായി ത്രിവേണി ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ നിന്നും ഇൻവോയിസ് നം 238/8/14475, 6.11.2021 പ്രകാരം 289652/- രൂപയുടെ ധാന്യങ്ങളും മറ്റ് ഭക്ഷണ സാധനങ്ങളും വാങ്ങിയതിന്റെ രേഖകൾ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. ആശ്രയ ഗുണഭോക്താക്കളുടെ ലിസ്റ്റും ധാന്യങ്ങളും മറ്റ് ഭക്ഷണ സാധനങ്ങളും വിതരണം ചെയ്ത രേഖകളും (ഓഡിറ്റ് അന്വേഷണം നം. 32/23, തീയതി :17.01.2023) പരിശോധനയ്ക്ക് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 195 ഗുണഭോക്താക്കൾ ഒപ്പിട്ട സ്റ്റേറ്റ്മെന്റ് ഹാജരാക്കി. എന്നാൽ വിതരണം ചെയ്ത ഭക്ഷണ സാധനങ്ങളുടെ വിവരം ഉൾപ്പെടുത്തിയിരുന്നില്ല. ഓരോ ഗുണഭോക്താവിനും വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ വിവരം ഉൾപ്പെടുത്തിയ വിതരണ രേഖകൾ സൂക്ഷിക്കേണ്ടതും ചെലവിന്റെ സുതാര്യത ഉറപ്പാക്കേണ്ടതുമാണ്.

## 1-23 പാഥേയം - ധനവിനിയോഗ രേഖ ഹാജരാക്കിയില്ല – 783360/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | പാഥേയം (19/22) |
| അടങ്കൽ തുക | 783360/- |
| ചെലവ് തുക | 783360/- |
| ബിൽ നം തീയതി | 7/15.11.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതിയ്ക്ക് 783360/- രൂപ (Bill No. 7/15.11.2021) വികസന ഫണ്ടിൽ നിന്നും ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ധനവിനിയോഗ രേഖ ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണം നം.32/23, തീയതി :16.01.2023) ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതു ലഭ്യമാകുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-24 അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം നൽകിയില്ല

2018-21 കാലയളവിൽ നടപ്പാക്കുന്നതിന് വിഭാവനം ചെയ്ത അഗതി രഹിത കേരള പദ്ധതിയിൽ ചുവടെ ചേർത്തിരിക്കും പ്രകാരം എട്ട് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം പ്ലാൻ ഫണ്ടിൽ നിന്നും നൽകുന്നതിന് തുക വകയിരുത്തിയിരുന്നു.

| ക്രമ നം | വാർഡ് നം | ഗുണഭോക്താവിന്റെ പേര് |
|---|---|---|

| | | |
|---|---|---|
| 1 | 14 | രാജേശ്വരി |
| 2 | 23 | ഭവാനി |
| 3 | 14 | ഇന്ദിര |
| 4 | 19 | കുമാരി ബിന്ദു |
| 5 | 1 | സരസമ്മ |
| 6 | 8 | പുഷ്പം |
| 7 | 18 | ജയ |
| 8 | 20 | മണിയൻ |
| 9 | 23 | അമ്മുക്കുട്ടിഅമ്മ |

മേൽ ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം ഭവനം നിർമ്മിച്ച് നൽകിയിട്ടുണ്ടോ എന്നതു സംബന്ധിച്ച് നൽകിയ 18.01.2023 തീയതിയിലെ ഓഡിറ്റ് അന്വേഷണം നം. 42/23 ന് മറുപടിയായി ക്രമ നമ്പർ 1,3,8 പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന പദ്ധതിയിൽ ആനുകൂല്യം നൽകിയിട്ടില്ല എന്നും യഥാക്രമം ക്രമ നമ്പർ 1,3 പ്രകാരമുള്ള ശ്രീമതി. രാജേശ്വരി, ശ്രീമതി. ഇന്ദിര എന്നിവർ ഭൂരഹിത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നും അറിയിച്ചു. ക്രമ നമ്പർ 8 ൽ ഉൾപ്പെട്ടിരിക്കുന്ന ശ്രീ.മണിയന് ലൈഫ് പദ്ധതി പ്രകാരം വീടും വസ്തുവും ലഭിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു. അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന മേൽ പ്രകാരമുള്ള മൂന്ന് ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ആനുകൂല്യം അനുവദിക്കുവാൻ സാധിക്കാത്ത പക്ഷം ആയതിനുള്ള തടസ്സവും ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-25 ക്ഷീരമേഖലയിലെ പദ്ധതികൾ - ആനുകൂല്യങ്ങൾ അർഹത ഇല്ലാത്തവർക്കും നൽകി - ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല

1)പ്രോജക്ട് നമ്പർ 190/22; ആട്ട വളർത്തൽ ( വനിത)

മേൽ പദ്ധതിയുടെ നടത്തിപ്പിലേക്കായി തൻവർഷം 592000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 74 ഗുണഭോക്താക്കൾക്ക് ആട്ടവാങ്ങുന്നതിനായി 8000/- രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവിന്റെ വിഹിതമായി 8000/- രൂപയും പഞ്ചായത്തു വിഹിതം 8000/- രൂപയും ചേർത്ത് 2 ആടുകളെ 16000/- രൂപയ്ക്ക് വാങ്ങുമ്പോൾ ആടിനെ വിറ്റയാൾക്ക് തുക നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഹാജരാക്കിയ അപേക്ഷകൾ, ഇൻഷ്വറൻസ് രേഖകൾ , തുക കൈമാറിയ രേഖകൾ എന്നിവ പ്രകാരം പദ്ധതി 100% സർക്കാർ ഉത്തരവുകൾക്കു അനുസൃതമായി നടപ്പിലാക്കിയതായി സൂചിപ്പിച്ചിരിക്കുന്നു.

പാൽ, മാംസം എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനാണ് സർക്കാർ ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. എന്നാൽ ഗുണഭോക്താക്കളിൽ പലരും ആടിനെ വാങ്ങിയിട്ടില്ല എന്ന് ഹാജരാക്കിയ രേഖകൾ വ്യക്തമാക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) 19/01/23 ന് വി.ഇ.ഒ യുടെ സാന്നിദ്ധ്യത്തിൽ പ്രാദേശിക പരിശോധന നടത്തിയതിൽ 11-ാം വാർഡിലെ രണ്ടു ഗുണഭോക്താക്താക്കളുടെ വീട് സന്ദർശിച്ചു.

A)വിഷ്ണുപ്രീയ.വി.എൽ , വാർഡ് 11, വലിയവിള വീട്, പൂങ്കോട് , ഭഗവതിനട.പി.ഒ

B) സുബിക .എ. വാർഡ് 11 , പ്ലാവിള വീട് , പൂങ്കോട്. ഭഗവതിനട പി.ഒ (വീട് നം.11/610)

ഇതിൽ ഒന്നാമത്തെ ഗുണഭോക്താവ് ആടിനെ വളർത്തുന്നവരാണ്. ആട്ടകളും ആടിനെ പാർപ്പിക്കുന്നതിനുള്ള തൊഴുത്തും ഉണ്ട്. അപേക്ഷയിൽ ആയത് വാർഡ് മെമ്പറും, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും പർച്ചേസ് കമ്മിറ്റി കൺവീനറും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. എന്നാൽ രണ്ടാമത്തെ ഗുണഭോക്താവിന്റെ വീട്ടിൽ ആട് ഉണ്ടായിരുന്നില്ല. ആടിനെ പാർപ്പിക്കുന്നതിനുള്ള തൊഴുത്തും ഇല്ല. സുബിക ആടിനെ വാങ്ങിയിട്ടില്ല. ആടിനെ വാങ്ങിയതായി രേഖകൾ ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. കൂടാതെ ആടിനെ പാർപ്പിക്കുന്നതിനാവശ്യമായ തൊഴുത്ത് ഉണ്ടെന്ന് വാർഡ് മെമ്പറും ,വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും പർച്ചേസ് കമ്മിറ്റി കൺവീനറും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ടിയാൻ ആട്ടകളോടൊപ്പം തൊഴുത്തിൽ നിൽക്കുന്ന ഫോട്ടോയും ഹാജരാക്കിയിട്ടുണ്ട്. തൊഴുത്ത് ഇല്ലാത്ത ഗുണഭോക്താവിന് തൊഴുത്ത് ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തി ആടിനെ വാങ്ങിയതായി രേഖ ചമച്ച് ആനുകൂല്യം

നൽകിയിരിക്കുന്നത് ശരിയായ നടപടിയല്ല.

2) ശ്രീദേവി. ആർ.ബി ,മുളന്ദറ, മച്ചേൽ. പി.ഒ, എന്ന ഗുണഭോക്താവ് ഹാജരാക്കിയ രേഖകൾ പ്രകാരം ടിയാന്റെ അമ്മയിൽ നിന്നുമാണ് ആടിനെ വാങ്ങിയിരിക്കുന്നത്. ടിയാന്റെ അമ്മ രാധകുമാരിയുടെ അക്കൗണ്ടിലേക്കാണ് തുക നൽകിയിരിക്കുന്നത്.

ദിവ്യ.സി.എസ്, വാർഡ് 5 എന്ന ഗുണഭോക്താവിന് ആട് വിറ്റതായി രേഖപ്പെടുത്തിയിരിക്കുന്നത് ടിയാന്റെ ഭർത്താവിന്റെ അച്ഛനാണ്. ടിയാനെ ഫോൺ മുഖാന്തിരം വിളിച്ചപ്പോൾ ഇപ്പോൾ വീട്ടിൽ ആട് ഇല്ലായെന്നാണ് മറുപടി നൽകിയത്. ഇതിൽ നിന്നും ആടിന് വാങ്ങിയിട്ടില്ല എന്ന് വ്യക്തമാണ്, മറ്റ ചില ഗുണഭോക്താക്കളോട് ഫോൺ മുഖാന്തിരം ആടിന്റെ വിവരം അന്വേഷിച്ചപ്പോൾ ആടിനെ വാങ്ങിയിട്ടില്ല 6000/- രൂപയാണ് ഗുണഭോക്താക്കൾക്ക് ലഭ്യമായത് എന്ന് മറുപടി നൽകി. പശു വളർത്തലിൽ ആനുകൂല്യം ലഭ്യമായവരിലും നിലവിൽ പശു ഇല്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ബന്ധുക്കളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും ആട്, പശു ഇവയൊക്കെ വാങ്ങിയതായി രേഖകൾ ഹാജരാക്കി ഇൻഷ്വറൻസിനും തുകയടച്ച് ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും ബാങ്ക് അക്കൗണ്ട് മുഖാന്തിരം തുക ഗുണഭോക്താവ് കൈപ്പറ്റുകയാണ് ചെയ്തിരിക്കുന്നത് . ഉരുക്കളെ പുതുതായി വാങ്ങി വളർത്തുന്നതിലൂടെ ക്ഷീരമേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനു വേണ്ടിയാണ് ഉരുക്കളെ വിൽക്കുന്ന വ്യക്തികൾക്ക് തുക നൽകണമെന്ന് സർക്കാർ മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്. ധാരാളം ക്ഷീര കർഷകർ ഉൾപ്പെടുന്ന മേഖലയാണ് പള്ളിച്ചൽ പഞ്ചായത്ത്. ഈ മേഖലയിലെ പ്രവർത്തനങ്ങൾ ക്ഷീര കർഷകർക്ക് കൈത്താങ്ങും പ്രോത്സാഹനവുമായി മാറണം . ഈ മേഖലയിൽ ചെലവഴിക്കുന്ന തുകയുടെ 50% മാത്രമാണ് യഥാർത്ഥ ഗുണഭോക്താക്കളുടെ കൈകളിലെത്തുന്നുള്ളുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 50% തുക പാഴ് ചെലവായി മാറുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ8, തീയതി.19/01/2023) ആട്, പശു ഇവ വാങ്ങിയ രേഖകൾ ഹാജരാക്കിയവർക്കാണ് ആനുകൂല്യം നൽകിയത് ഉരുക്കളെ കണ്ടു ബോധ്യപ്പെട്ടിരുന്നുവെന്നാണ് വെറ്റിനറി സർജൻ മറുപടി ലഭ്യമാക്കിയത്.

ആട്, പശു മുതലായവ വാങ്ങി പരിപാലിക്കുന്നവർക്കു മാത്രം നൽകേണ്ടതായ സബ്സിഡി ആനുകൂല്യം അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് നൽകുന്നത് ഗുരുതരമായ വീഴ്ചയാണ്. പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാനാകാതെ പദ്ധതി ഓരോ വർഷവും തുടർന്നു കൊണ്ടിരിക്കുന്നു. ഓരോ വാർഡിലും ആട് വളർത്തൽ , പശു വളർത്തൽ തുടങ്ങിയവയിലേർപ്പെട്ടിരിക്കുന്നവരുടെ ഡാറ്റ തയ്യാറാക്കി പുതുതായി ഇ മേഖലയിൽ താൽപര്യമുള്ളവരുണ്ടെങ്കിൽ അവരെയും കണ്ടെത്തി അവർക്കു മാത്രമായി ആനുകൂല്യം നൽകുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. ആനുകൂല്യം നൽകുന്നതിനു വേണ്ടി മാത്രമുള്ള പദ്ധതികളായി മാത്രം ഇത്തരം പദ്ധതികളെ വിലയിരുത്താതെ നാടിന്റെ വികസനത്തിനും ക്ഷീരമേഖലയിൽ സുസ്ഥിരത കൈവരിക്കുന്നതിനുമുള്ള സർക്കാരിന്റെയും ജനങ്ങളുടെയും ഒന്നിച്ചുള്ള പ്രവർത്തനമായിക്കണ്ട് അതിനുവേണ്ടി പ്രവർത്തിക്കാൻ ജനപ്രതിനിധികളും നിർവ്വഹണോദ്യോഗസ്ഥരും ജാഗ്രത പാലിക്കേണ്ടതാണ്.

2021-22 ആനുകൂല്യം നേടിയ ഗുണഭോക്താക്കൾ അഞ്ചു വർഷം ഉരുക്കളെ കൈമാറാതെ വളർത്തിക്കൊള്ളാമെന്ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. തൻ വർഷം ആനുകൂല്യം നേടിയ ഗുണഭോക്താക്കൾ ഉരുക്കളെ വളർത്തുന്നതു സംബന്ധിച്ച് വ്യക്തമായ അന്വേഷണം നടത്തേണ്ടതും ഉരുക്കളെ വളർത്താത്തവരിൽ നിന്നും തുക തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-26 ആസ്തിപരിപാലനം - തുടർ നടപടികൾ അനിവാര്യം

പഞ്ചായത്തിലെ മുഴുവൻ ആസ്തികളും ഡിജിറ്റലൈസ് ചെയ്യുന്നതിനും 2020-21 വരെ നിർമ്മിച്ച ആസ്തികളിൽ മാനുവൽ രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയവ ഉൾപ്പെടുത്തുന്നതിനും ഭരണസമിതിയുടെ 22.6.2021 ലെ 7(1) -ാം നം തീരുമാനം പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ഈ തീരുമാനത്തിൻമേൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുന്നതിന് (ഓഡിറ്റ് അന്വേഷണം നം.25/23,തീയതി :13.01.2023) ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാനുവൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആനുവൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം, ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നതിന്റെ വിവരം എന്നിവയുടെ വിശദാംശങ്ങളും ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2) ബഡ്സ് സ്കൂളിന് വാഹനം വാങ്ങുന്നതിനായി തൻവർഷം 14,59,229/- രൂപ ചെലവഴിച്ചിട്ടുണ്ട്. വാഹനം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3) പെരിങ്ങമല അങ്കണവാടിക്ക് സ്ഥലം വാങ്ങുന്നതിനായി 449999/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയ രേഖകൾ ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.( നമ്പർ 59: 20/01/23)വാഹനവും, ആർജിച്ച വസ്തുവും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

മേൽ വസ്തുതകൾ പരിശോധിച്ച് പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഡിജിറ്റലൈസ് ചെയ്യുന്നതിനും അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ആസ്തിസംരക്ഷണം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-27 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിച്ച പ്രവൃത്തികൾ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | കുഴിവിള ഗവ. എൽ പി എസ് പുനരുദ്ധാരണം (122/22) |
| അടങ്കൽ തുക | 100000/- |
| ചെലവ് തുക | 75,957/- |
| ബിൽ നം തീയതി | 7/- 16.8.2021 |
| എം ബുക്ക് നം | 647/20-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിച്ച പ്രവൃത്തിയിൽ സർക്കാർ നിർദേശാനുസരണമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ഗുണഭോക്തൃ കമ്മിറ്റിയായി സ്കൂൾ ഹെഡ്മിസ്ട്രസ്സ് കൺവീനറായും പി ടി എ പ്രസിഡന്റ് ചെയർമാനുമായ പി ടി എ നിർവ്വാഹക സമിതിയെ അംഗീകരിക്കുന്നതിനും ടി കമ്മിറ്റിയുമായി കരാറിൽ ഏർപ്പെട്ട് നിർവ്വഹണം നടത്തുന്നതിനും 22.6.2021 ൽ ഭരണസമിതി തീരുമാനമുണ്ടായി (തീരുമാനം 3(11)). അതിന്റെ അടിസ്ഥാനത്തിൽ സൈറ്റ് 28.6.2021 ൽ ഹാന്റ് ഓവർ ചെയ്ത് 29.7.2021 ൽ പ്രവൃത്തി പൂർത്തീകരിച്ചു.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13.11.2013 ലെ DB1/1559//2010/CE/LSGD നം സർക്കുലർ പ്രകാരം ഗുണഭോക്തൃ സമിതി ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്രസാമഗ്രകളുടെ വാടക തുടങ്ങിയവ സംബന്ധിച്ച കണക്കുകൾ, മസ്റ്റർ റോൾ, മിനിറ്റ്സ് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രേഖകൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്തൃ സമിതിയ്ക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ, കരാർ ഉടമ്പടി പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും എന്നും നിർദേശിച്ചിരിക്കുന്നു. എന്നാൽ യഥാർത്ഥ ചെലവ് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. ചെലവുകൾ ഗുണഭോക്തൃ സമിതി യോഗം ചേർന്ന് അംഗീകരിച്ചിട്ടുമില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.24/23, തീയതി : 13.01.2023 ന് നൽകിയ മറുപടിയിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് പി ഡബ്ല്യുഡി നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ സ്ഥലത്ത് ഉണ്ടായിരുന്ന പഴയ കെട്ടിടം പൊളിച്ച് മാറ്റിയതിനാൽ ക്ലാസ്സ് നടത്താൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിരുന്നു. നിലവിലുണ്ടായിരുന്ന ഓപ്പൺ സ്റ്റേജ് ഇരുവശങ്ങളിലും അടച്ച് ക്ലാസ്സ് റൂം ആക്കുന്നതിനായി അടിയന്തിര സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടി വന്നതിനാൽ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് സാധിച്ചില്ല എന്ന് മറുപടി നൽകി. ഇത്തരം അപാകതകൾ ആവർത്തിക്കില്ല എന്നും അറിയിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾ പാലിച്ച് മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

## 1-28 ഭരണസമിതി തീരുമാനങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഭരണസമിതി തീരുമാനങ്ങൾ കൈക്കൊണ്ടിരിക്കുന്നു. പ്രസ്തുത വിഷയങ്ങളിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണം നം.22/23 , തീയതി :12.01.2023) മറുപടി ലഭ്യമാക്കിയില്ല.

| ഭരണസമിതി യോഗ തീയതി / അജണ്ട നം, തീരുമാനം നം | വിഷയം |
|---|---|
| 22.6.2021<br>7(1) | പഞ്ചായത്തിലെ മുഴുവൻ ആസ്തികളും ഡിജിറ്റലൈസ് ചെയ്യുന്നതിനും 2020-21 വരെ നിർമ്മിച്ച ആസ്തികളിൽ മാന്വൽ രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയവ ഉൾപ്പെടുത്തുന്നതിനും എഇ യെ ചുമതലപ്പെടുത്തി. |
| 12(13) | 94-ാം നമ്പർ അംഗൻവാടിയ്ക്ക് സൌജന്യമായി ഭൂമി നൽകാൻ ശ്രീ.ശശി ചിത്തിര നിവാസ്, പൂങ്കോട് എന്ന വ്യക്തി സമ്മതം അറിയിച്ചിരിക്കുന്നു. ഭൂമി ലഭ്യമായിട്ടുണ്ടോ, ആയതു ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമായില്ല. |
| | നടുക്കാട് മാർക്കറ്റിൽ പ്രവർത്തിച്ചിരുന്ന 84-ാം നം അംഗൻവാടിയ്ക്ക് സ്ഥലം ലഭ്യമായിട്ടുണ്ടോ എന്നതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കിടില്ല. |
| 16.7.2021<br>6(1) | നടുക്കാട് പുതുവൻ വിള വീട്ടിൽ ശ്രീമതി. ശാന്തയുടെ വീട്ടിലേയ്ക്ക് പോകുന്ന വഴി പഞ്ചായത്ത് ധന സഹായത്തോടെ നിർമ്മിച്ചതാണെന്നും പ്രസ്തുത വഴിയിലൂടെയുള്ള സഞ്ചാരസ്വാതന്ത്ര്യം നിഷേധിച്ച് വഴി കെട്ടി അടച്ചതിനാൽ അത് പൊളിക്കുന്നതിനും ചെലവ് എതിർകക്ഷിയിൽ നിന്നും റവന്യൂ റിക്കവറി മുഖേന നടത്തുന്നതിനും തീരുമാനിച്ചു. എന്നാൽ എതിർകക്ഷി അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നും സ്റ്റേ വാങ്ങിയതിനാൽ അതിനെതിരെ കേസ് നടത്തുന്നതിനും തീരുമാനിച്ചു. കേസിലെ നിലവിലെ സ്ഥിതി അറിയിക്കുന്നതോടൊപ്പം പ്രസ്തുത വഴി പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം സ്വകാര്യ ഭൂമിയിൽ വഴി നിർമ്മാണത്തിന് തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതുമാണ്. |
| 30.7.2021<br>1(68) | 11,13,15 വാർഡുകളിൽ 3 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ബ്ലോക്ക് വിഹിതവും സാമൂഹ്യക്ഷേമ വകുപ്പ് വിഹിതവും ആവശ്യപ്പെടുന്നതിന് തീരുമാനം |
| 28.9.2021<br>47 | 14 -ാം വാർഡിൽ ചെമ്മണ്ണുവിള എന്ന സ്ഥലത്ത് 150mtr നീളത്തിലും 2.5 Mtr വീതിയിലുമുള്ള സ്വകാര്യ വഴി മഴക്കെടുതിയിൽ നശിച്ചുപോയതിനാൽ കോൺക്രീറ്റോ ഇന്റർലോക്കോ ചെയ്ത് സഞ്ചാരയോഗ്യമാക്കുന്നതിന് മുന്നോടിയായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനം |

മേൽ വിഷയങ്ങളിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-29 പൂങ്കോട് നീന്തൽ പരിശീലന കേന്ദ്രം - കെമിക്കൽസ് വാങ്ങൽ പദ്ധതി അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | പൂങ്കോട് നീന്തൽ പരിശീലന കേന്ദ്രം - കെമിക്കൽസ് വാങ്ങൽ (69/22) |
| അടങ്കൽ തുക | 300000/- |
| ചെലവ് തുക | 298500/- |

| | |
|---|---|
| ചെക്ക് നം തീയതി | 5507090/8.2.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി നീന്തൽക്കുളം ശുചീകരിക്കുന്നതിന് ക്ലോറിൻ പൌഡർ, ആലം, ബ്ലീച്ചിംഗ് പൗഡർ, PH Mix എന്നിവ ആവശ്യപ്പെട്ട് കൊണ്ട് ശ്രീ.മണിലാൽ, ക്ലാർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ വാങ്ങൽ നടത്തിയിരിക്കുന്നു. സാങ്കേതിക യോഗ്യതയുള്ള പ്ലാന്റ് ഓപ്പറേറ്റർ തസ്തികയിൽ അർഹതയുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ എന്നതിനും ശുചീകരണ വസ്തുക്കളുടെ ആവശ്യകത സാങ്കേതിക വൈദഗ്ധ്യമുള്ള ജീവനക്കാരൻ നിശ്ചയിക്കാത്തതിന്റെ കാരണവും അറിയിക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം. 53/23, തീയതി :20.01.2023 മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നീന്തൽകുളത്തിലെ ജീവനക്കാരുടെ വിവരവും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ലൈഫ് ഗാർഡ്, പ്ലാന്റ് ഓപ്പറേറ്റർ എന്നീ തസ്തികകളിൽ നിയമിക്കുന്നവരുടെ യോഗ്യത സംബന്ധിച്ച് കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഉള്ള വ്യക്തികളെ അത്തരം തസ്തികകളിൽ നിയമിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ചും മറുപടി ലഭ്യമാക്കിയില്ല.

(ബി) 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. ബയോകെയർ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് നൽകിയ തുകയിൽ നിന്നും TDS ഈടാക്കാതെ മുഴുവൻ തുകയും നൽകിയിരിക്കുന്നു. തുക ഈടാക്കി ഒടുക്കുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-30 വെറ്റിനറി സർജൻ നിർവഹിച്ച പദ്ധതികൾ - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല 60950/- രൂപ തടസ്സപ്പെടുത്തുന്നു

A)പ്രോജക്ട് നമ്പർ : 192/21 (SO) കന്നുകുട്ടി പരിപാലനം

അടങ്കൽ തുക :- 300000/- വികസന ഫണ്ട് , പൊതുവിഭാഗം
ചെലവ് തുക :-300000/-

ബിൽ നമ്പർ :- 4/21-22, തീയതി:- 27/07/21

പ്രോജക്ട് പ്രകാരം എസ്.എൽ.ബി.പി യ്ക്ക് 300000/- രൂപ നൽകിയിട്ടുള്ളതിൽ 284723/- രൂപയുടെ 09/01/2023 വരെയുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുകയായ 15277/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം തുക വിനിയോഗിക്കുന്ന മുറയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

B) പ്രോജക്ട് നമ്പർ : 46/22 കന്നുകുട്ടി പരിപാലനം (വനിത)

അടങ്കൽ തുക :- 100000/- വികസന ഫണ്ട് , പൊതുവിഭാഗം
ചെലവ് തുക :100000/-

ബിൽ നമ്പർ :- 12/21-22, തീയതി:- 13/01/22

മേൽ പ്രോജക്ട് പ്രകാരം എസ്.എൽ.ബി.പി യ്ക്ക് 10000/- രൂപ നൽകിയിട്ടുള്ളതിൽ 54327/- രൂപയുടെ 09/01/2023 വരെയുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുകയായ 45673/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം തുക വിനിയോഗിക്കുന്ന മുറയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-31 പദ്ധതി ആനുകൂല്യം ഗുണഭോക്തൃലിസ്റ്ററിൽ മുൻഗണനാക്രമം പാലിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ :- 193/22 പശു വളർത്തൽ (ജനറൽ) (SO)
അടങ്കൽ തുക :-577500/- വികസന ഫണ്ട്, പൊതുവിഭാഗം

ചെലവു തുക :- 467500/-

(A) പ്രസ്തുത പ്രോജക്ട് പ്രകാരം 17 ഗുണഭോക്താക്കൾക്ക് പശു വാങ്ങുന്നതിന് 27500/- രൂപ വീതം നൽകിയിരുന്നു. സ്പിൽ ഓവർ പ്രോജക്ട് ആയതിനാൽ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2020-21 വർഷത്തെ ഗുണ ഭോക്തൃ പട്ടികയിലെ ആനുകൂല്യം ലഭിക്കാതെ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ ശേഷം ബാക്കി തുക 2021-22 വർഷത്തെ ഗുണഭോക്തൃപട്ടികയിലെ അംഗങ്ങൾക്കും നൽകാൻ തീരുമാനിച്ചിരുന്നു. 2021-22 ൽ

ഭരണസമിതി അംഗീകരിച്ച മുൻഗണനാക്രമത്തിലുള്ള ഗുണഭോക്തൃപട്ടിക ഉണ്ടായിരിക്കെ മുൻഗണനാക്രമം പാലിക്കാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. 23 വാർഡുകളുള്ള പഞ്ചായത്തിൽ 17 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിൽ 8 ഗുണഭോക്താക്കൾ അഞ്ചാം വാർഡിൽ ഉൾപ്പെടുന്നവരാണ്. എല്ലാ വാർഡിലെയും ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന 2020-21 ലെ ഗുണഭോക്തൃ പട്ടികയിലുള്ളവർക്ക് ആനുകൂല്യം നൽകിയ ശേഷം പുതിയ ലിസ്റ്റിൽ നിന്നും തെരഞ്ഞെടുത്തപ്പോഴും അഞ്ചാം വാർഡ് മാത്രം പരിഗണിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8 :തീയതി :10/1/23) അഞ്ചാം വാർഡിൽ കൂടുതൽ ക്ഷീരകർഷകർ ഉള്ളതിനാലാണ് ഇത്തരത്തിൽ ആനുകൂല്യം നൽകിയത് എന്നാണ് മറുപടി നൽകിയത്. 122 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന പട്ടികയിൽ ആവശ്യത്തിനു ഗുണഭോക്താക്കൾ ഉൾപ്പെട്ടിരിക്കെ ഇത്തരത്തിൽ ആനുകൂല്യം നൽകിയത് ശരിയായ നടപടിയല്ല.ഗുണഭോക്തൃ പട്ടികയിൽ മുൻഗണനാക്രമം പാലിച്ചുകൊണ്ട് ആനുകൂല്യം നൽകുന്നതിന് നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്

## 1-32 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രിക B18 ഷെഡ്യൂൾ പ്രകാരം (2021-22) നിക്ഷേപ പ്രവൃത്തികളിൽ പൂർത്തിയാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | നിക്ഷേപിച്ച തുക |
|---|---|---|
| 1 | KWA | 50,15,353/- |
| 2 | KSEB | 89,51,324/- |
| 3 | Ground Water Dept | 64,224/- |

നിക്ഷേപ പ്രവൃത്തികൾക്കു നൽകിയിട്ടുള്ള മേൽ തുകകൾ ഏതെല്ലാം പ്രവൃത്തികൾക്കു നൽകിയതാണ്, പ്രവൃത്തി നിർവ്വഹണത്തിലെ നിലവിലെ സ്ഥിതി , പ്രവൃത്തി പൂർത്തിയാക്കാത്തതിനു കാരണം , ഏതു കാലയളവിലാണ് തുക നൽകിയിട്ടുള്ളത്, പ്രവൃത്തി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നമ്പർ 18 : തീയതി 12/01/23) നൽകിയതിന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. വാട്ടർ അതോറിറ്റിക്കും കെ.എസ്.ഇ.ബി യ്ക്കും നൽകിയിട്ടുള്ള തുകകൾ ഏതെല്ലാം പ്രവർത്തികൾക്ക് നൽകിയിട്ടുള്ളതാണെന്നും ആയത് നിർവഹിച്ചിട്ടുണ്ടോയെന്നും ബന്ധപ്പെട്ട സെക്ഷനിലെ ഫയലുകളും, സുലേഖ സ്റ്റേറ്റ്മെന്റും, വാർഷിക ധനകാര്യ പത്രികയും പരിശോധിച്ച് കണ്ടെത്തേണ്ടതാണ്.

1) പ്രവൃത്തി നിർവഹിച്ചിട്ടില്ലായെങ്കിൽ ബന്ധപ്പെട്ട ഏജൻസിക്ക് കത്തു നൽകി പ്രവൃത്തി നിർവഹിക്കുന്നതിന് നടപടി സ്വീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2) നിർവഹിച്ച പ്രവൃത്തികളാണെങ്കിൽ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതും അക്കൗണ്ട്സിൽ ആവശ്യമായ രേഖപ്പെടുത്തൽ നൽകി തുക ക്രമീകരിച്ച് വാർഷിക ധനകാര്യപത്രിയിൽ ഉൾപ്പെടുത്തി അറിയിക്കേണ്ടതുമാണ്.

## 1-33 ഹരിതകർമ്മസേന പ്രവർത്തനം-മോണിറ്ററിംഗ് ചെയ്യപ്പെടുന്നില്ല.

15-10-2017-ലെ സ.ഉ.(സാധാ)2420/2017 നമ്പർ ത.സ്വ.ഭ.വ.ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിതകർമ്മസേനയുടെ പ്രവർത്തനം തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ആയിരിക്കണം. യൂസർഫീസ് പിരിവ് ഉള്ളതിനാൽ കണക്കെഴുത്ത്, കണക്ക് സൂക്ഷിപ്പ് സംവിധാനങ്ങളും ഹരിതകർമ്മസേന കൺസോർഷ്യത്തിൽ ഉണ്ടാവണം. സ്വന്തമായി ബാങ്ക് അക്കൌണ്ട് ഉണ്ടായിരിക്കേണ്ടതും പ്രവർത്തനം തൃപ്തികരവും കാര്യക്ഷമവും ആകുന്നതിന് എല്ലാ നടപടിക്രമങ്ങളും ബന്ധപ്പെട്ട തദ്ദേശസ്ഥാപനം സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ഹരിതകർമ്മസേനയക്ക് ആവശ്യമായ പരിശിലനം കൂടുംബശ്രീ, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, ക്ലീൻകേരള കമ്പനി തുടങ്ങിയവ മുഖാന്തിരം നൽകേണ്ടതുമാണ്. 11-12-2020-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് എ2-254/2020/പി.ഡി-എൽ.എസ്.ജി.ഡി.സർക്കുലർ പ്രകാരവും, 14-12-2020-ലെ ജി.ഒ.(ആർ.ടി)2307/2020 എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരവും മാലിന്യ സംസ്കരണത്തിന്റെ ഏകോപനം, പദ്ധതി നടത്തിപ്പ്, അക്കൌണ്ടുകൾ എന്നിവ ഏകോപിപ്പിക്കുന്നതിനായി വില്ലേജ് എക്സ്റ്റൻഷൻ ആഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ അക്കൌണ്ടുകൾ, വരവ് ചെലവുകൾ, പണമിടപാട്, മാലിന്യശേഖരണം, മാലിന്യകൈമാറ്റം, പ്രതിമാസയോഗങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ വി.ഇ.ഒ., സ്ഥാപനഭരണത്തലവൻ തുടങ്ങിയ ഉത്തരവാദിത്തപ്പെട്ട ആരും തന്നെ പരിശോധിച്ചതിന്റെയോ, മേണിറ്ററിംഗ് നടത്തിയതിന്റെയോ രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. കൂടാതെ പ്രതിമാസയോഗത്തിൽ വരവ് ചെലവ് അവതരിപ്പിച്ചിട്ടില്ല. യൂസർഫീ അടവാക്കുന്ന ബാങ്ക് പാസ്ബുക്കിന്റെ റികൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. യൂസർഫീ ഈടാക്കുന്നതിനായി നൽകുന്ന രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ നിയമാനുസൃതമായി എഴുതി സൂക്ഷിക്കുകയോ, അത് വി.ഇ.ഒ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇപ്രകാരം ഫയൽ പരിശോധനയിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം തൃപ്തികരമല്ലായെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ആയതിനാൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം കുറ്റമറ്റരീതിയിലും പ്രവർത്തനമേഖല

വിപുലപ്പെടുത്തുന്നതിനായും ഭരണസമിതിയും വി.ഇ.ഒ.യും നടപടി സ്വീകരിച്ച് മോണിറ്ററിംഗ് ശക്തമാക്കേണ്ടതും, തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-34 തനതുഫണ്ട് അക്കൗണ്ടുകൾ റിക്കൺസിലിയേഷൻ ചെയ്യാതെ ബാങ്കിടപാടുകൾ തുടരുന്നു.

വരവു ചെലവുകളുടെ അക്കൗണ്ടിംഗിനും, അക്കൗണ്ടുകളുടെ പൊരുത്തപ്പെടലിനും 2001 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ പാലിച്ചിട്ടില്ല. പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടുകളുടെ (പള്ളിച്ചൽ ഫാർമേഴ്സ് കോ ഓപ്പറേറ്റീവ് ബാങ്ക് &എസ്.ബി.ഐ Own Fund, ട്രഷറി തനത്ഫണ്ട് അക്കൗണ്ട്)ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.

ട്രഷറി അക്കൗണ്ട് ബാങ്ക് ബുക്കിൽ വരവു തുകകൾ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല. ചെലവു വിവരം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ മാസാവസാനം നടത്തേണ്ട റിക്കൺസിലിയേഷൻ ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

തനതു ഫണ്ട് ട്രഷറി അക്കൗണ്ടിന്റെ ബാങ്ക് ബുക്കിൽ 01/04/2021 മുതൽ 23/01/2022 വരെ വരവു തുകകൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. ചെലവു തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ തന്നെ ഡിസംബർ 2021 വരെ മാസാവസാന റിക്കൺസിലിയേഷൻ ചെയ്തിട്ടില്ല. 24/01/2022 ന് ജനറൽ പർപ്പസ് ഫണ്ടിന്റെ 7 ഗഡുക്കളായ തുക വരവായി ചേർത്തിരിക്കുന്നു. ബാക്കി വരവു തുകകൾ 24/03/22 , 31/03/22 എന്നീ ദിവസങ്ങളിൽ വരവ് രേഖപ്പെടുത്തി തുക ക്രമീകരിച്ചിരിക്കുന്നു. ആയതിനാൽ എല്ലാ വരവുകളും ബാങ്ക് ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബാങ്ക് അക്കൗണ്ട് മാസവസാനം റിക്കൺസിലിയേഷൻ ചെയ്യാത്തത് ഗുരുതരമായ വീഴ്ചയാണ്. ബാങ്ക് അക്കൗണ്ടിലെ തുകകളിൽ ക്രമക്കേട് ഉണ്ടായാലും അറിയാൻ സാധിക്കില്ല. ഇത്തരത്തിൽ ബാങ്ക് ബുക്കിൽ യഥാസമയം രേഖപ്പെടുത്തലുകൾ നടത്താതെയും മാസവസാന റിക്കൺസിലിയേഷൻ , വർഷാന്ത്യ റിക്കൺസിലിയേഷൻ എന്നിവ തയ്യാറാക്കാതെയും പണമിടപാടുകൾ ഇപ്പോഴും തുടരുന്നു. തനതുഫണ്ട് അക്കൗണ്ടുകളായ മൂന്ന് അക്കൗണ്ടുകളും റിക്കൺസിലിയേഷൻ ചെയ്യാതെ പണമിടപാട് തുടരുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നമ്പർ37;തീയതി18/01/23) മറുപടി ലഭ്യമാക്കിയില്ല. ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്

## 1-35 തനതുഫണ്ട് വരവു ചെലവുകളുടെ അക്കൗണ്ടിംഗ് - അപാകതകൾ

1) സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റിനു ലഭ്യമാക്കിയ സുലേഖ സ്റ്റേറ്റ്മെന്റിൽ തനതു ഫണ്ടിന്റെ പ്രോജക്ട് ചെലവു തുകകൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഓരോ പ്രോജക്ടിനും തൻ വർഷം എത്ര തുക ചെലവഴിച്ചു എന്നതിന്റെ വിവരം ലഭ്യമല്ല. ഓഡിറ്റിനു ഹാജരാക്കിയ പ്രോജക്ട് ഫയലിൽ ചെലവായ തുകയുടെ മുഴുവൻ ബില്ലുകളും അനുബന്ധ വൗച്ചറുകളും സൂക്ഷിക്കാത്തതിനാൽ പൂർണമായ ചെലവു രേഖകൾ ഹാജരാക്കിയിട്ടുണ്ടോ എന്ന് അറിയാൻ കഴിയില്ല . വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | സുലേഖ പ്രകാരം ചെലവ് തനത് ഫണ്ട് ചെലവ് | എ.സി.ആർ പ്രകാരം തനതുഫണ്ട് ചെലവ് |
|---|---|---|
| 90/22 പഞ്ചായത്തിലെ കേടായ ഹൈമാസ്റ്റ് ലൈറ്റുകൾ മാറ്റി മിനിമാസ്റ്റ് എൽ.ഇ.ഡി സ്ഥാപിക്കൽ | 0 | 497397 |
| 216/22 തെരുവു വിളക്ക് സാധനം വാങ്ങൽ | 0 | 800000 |
| 69/22 പൂങ്കോട് നീന്തൽ പരിശീലനകേന്ദ്രം കെമിക്കൽസ് വാങ്ങൽ | 0 | 298500 |
| 72/22 ടെക്നിക്കൽ അസിസ്റ്റന്റിനു ഓണറേറിയം | 0 | 154975 |
| 73/22 കംപ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി | 0 | 86966 |
| 89/22 തെരുവു വിളക്ക് പുതിയ ലൈറ്റ് സ്ഥാപിക്കൽ | 0 | 198431 |
| 65/22 ആർദ്രം പദ്ധതി ജീവനക്കാരുടെ ഓണറേറിയം | 234750 | 540857 |
| 86/22 തെരുവു വിളക്ക് മെയിന്റനൻസ് | 390625 | 925000 |
| 67/22 ആംബുലൻസ് സേവനം മെച്ചപ്പെടുത്തൽ മെയിന്റനൻസ് ഡീസൽ | 79277 | 267898 |
| 66/22 ആംബുലൻസ് സേവനം മെച്ചപ്പെടുത്തൽ-ജീവനക്കാരുടെ വേതനം | 32400 | 343650 |

| | | |
|---|---|---|
| 88/22 വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ | 161626 | 184579 |
| 68/22 പൂങ്കോട് നീന്തൽ പരിശീലനകേന്ദ്രം ജീവനക്കാരുടെ ഓണറേറിയം | 374140 | 849172/- |
| 110/22 പഞ്ചായത്തുതല സമഗ്ര വിവരശേഖരണം | 540000 | 1800000 |
| 1/22 പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് ചെലവുകൾ | 75264 | 268063 |
| 173/22 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ | 1211729 | 2996089 |

സുലേഖ സ്റ്റേറ്റ്മെന്റിൽ തുകകൾ രേഖപ്പെടുത്താത്തത് അക്കൗണ്ടിംഗിലെ വീഴ്ചയാണ്. സുലേഖ സ്റ്റേറ്റ്മെന്റിൽ തനതുഫണ്ടിലെ പ്രോജക്ടിൽ ഉൾപ്പെടുത്തി ചെലവാക്കിയ തുകകൾ ശരിയായി ഉൾപ്പെടുത്താത്തതിനാൽ ഓരോ പ്രോജക്ടിലെയും ചെലവു കണ്ടെത്താൻ സാധിക്കുകയില്ല. തനതുഫണ്ട് ട്രഷറി അക്കൗണ്ടിലെ ചെലവ് എ.സി.ആർ പ്രകാരം 1,74,85,535/- രൂപയാണ്. എന്നാൽ സുലേഖയിലെ രേഖപ്പെടുത്തൽ പ്രകാരം 88,92,735/-രൂപയാണ്. 85,92,800/- രൂപ വ്യത്യാസം വരുന്ന തരത്തിൽ, തനതുഫണ്ട് ട്രഷറി അക്കൗണ്ടിലെ വരവു ചെലവുകൾ ആവശ്യമായ രേഖപ്പെടുത്തൽ നടത്താതെ നിർവഹിച്ചിരിക്കുന്നത് ഗുരുതരമായ വീഴ്ചയായി വിലയിരുത്തുന്നു. ഇത്തരത്തിൽ നിരുത്തരവാദിത്തപരമായി അക്കൗണ്ടിംഗ് നിർവഹിച്ചത് അംഗീകരിക്കാനാവില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 39: തീയതി: 18/01/23) അക്കൗണ്ടന്റായി 07/21 ൽ ചാർജ് എടുത്തപ്പോൾ ഫയലുകൾ കൈമാറിക്കിട്ടിയില്ലെന്നും മുൻകാലങ്ങളിൽ റിക്കൺസിലിയേഷൻ ചെയ്യാത്തതിനാൽ തുടർന്നും റിക്കൺസിലിയേഷൻ ചെയ്യാൻ സാധിച്ചില്ലെന്നുമാണ് മറുപടി നൽകിയത്. ആയത് അംഗീകരിക്കാനാവില്ല. അക്കൗണ്ടന്റായി ചുമതല നൽകുന്നവർക്ക് പഞ്ചായത്തിൽ ഉപയോഗിക്കുന്ന അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിൽ ആവശ്യമായ പരിശീലനം നൽകുന്നതിന് സെക്രട്ടറി ശ്രദ്ധിക്കേണ്ടതും അക്കൗണ്ടിന്റെ പരിപാലനം ശരിയായി നിർവഹിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്.

തനതുഫണ്ട് ഉപയോഗിച്ച് സെക്രട്ടറി നടപ്പിലാക്കിയ ഓരോ പ്രോജക്ടിലെയും ആകെ ചെലവു തുക, ചെക്ക് നമ്പർ, തീയതി എന്നിവ വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് , തനതുഫണ്ട് അക്കൗണ്ട് വിവരം (ബാങ്ക്) എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. തനതു ഫണ്ട് ചെലവു തുകകൾ യഥാസമയം സുലേഖയിൽ ഉൾപ്പെടുത്താതെ നിരുത്തരവാദിത്തപരമായി അക്കൗണ്ടിംഗ് നിർവഹിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-36 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 20,40,000/- രൂപ തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നമ്പർ | തുക | ബിൽ നമ്പർ & BRN ; തീയതി | തുക കൈപ്പറ്റിയിരിക്കുന്നത് |
|---|---|---|---|
| 5/22 സമഗ്ര ശിക്ഷാ കേരള (ജനറൽ) | 800000/- | 11/21 : 28/10/21 (210204520124 00554489; 25/10/21) | സർവശിക്ഷാ അഭിയാൻ ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസർ |
| 6/22 സമഗ്ര ശിക്ഷാ കേരള (എസ്.സി.പി) | 1040000 | 12/21 ; 28/10/21 (210204520124 00554494; 25/10/21) | സർവശിക്ഷാ അഭിയാൻ ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസർ |
| 112/22ഡി.പി.സി കെട്ടിടത്തിന് പഞ്ചായത്ത് വിഹിതം നൽകൽ | 200000 | തനതുഫണ്ട് 288/19-11-21 (ACR പ്രകാരം) | ഡി.പി.സി ചെയർപേഴ്സൻ & മെമ്പർ സെക്രട്ടറി |

മേൽ പദ്ധതികളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.59/20.01.2023) മറുപടി ലഭ്യമാക്കിയില്ല. മറുപടി/രേഖകളുടെ അഭാവത്തിൽ മേൽ പ്രകാരമുള്ള ചെലവ് തുക 20,40,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-37 ഒരു ആംബുലൻസിന് മൂന്ന് ഡ്രൈവർമാരുടെ സേവനം.

പഞ്ചായത്തിലെ KL20E.8224നംബർ ആംബുലൻസ് ഓടിക്കുന്നതിന് ഏപ്രിൽ മുതൽ ജൂൺ വരെ രണ്ട് ഡ്രൈവർമാർക്കും ജൂലൈ മുതൽ മാർച്ച് വരെ മൂന്ന് ഡ്രൈവർമാർക്കും 16500/-രൂപ (ആഗസ്റ്റ് മാസം 15750/-രൂപ) വീതം വേതനം നൽകിയിട്ടുണ്ട്. ഡ്രൈവർമാരുടെ അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ എല്ലാ ദിവസവും ഡ്രൈവർമാർ ഒപ്പ് വച്ചിട്ടുണ്ട്. ഒരേ സമയം ഒരു ആംബുലൻസിന് മൂന്ന് ഡ്രൈവർമാരുടെ സേവനം പ്രയോജനപ്പെടുത്തിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/10.11.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ ആംബുലൻസ് വാടക വരവ് 83,380/ രൂപയാണ്. രാത്രിയും പകലും തുടർച്ചയായി

ആംബുലൻസ് ഉപയോഗിച്ചാൽ പോലും രണ്ട് ഡ്രൈവർമാരുടെ സേവനം മാത്രമേ ആവശ്യമായി വരുന്നുള്ളൂ എന്നിരിക്കെ മൂന്ന് ഡ്രൈവർമാരെ ഒരേ സമയം നിയമിക്കുകയും മുഴുവൻ സമയം ജോലിചെയ്തു എന്നതിന്റെ അടിസ്ഥാനത്തിൽ വേതനം നൽകുകയും ചെയ്തത് ക്രമ വിരുദ്ധമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിന്റെ ഈ നടപടിയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആംബുലൻസ് വരവ് ആവർത്തന ചെലവുകൾക്ക് പോലും തികയാതിരിന്നിട്ടും കൂടുതൽ നിയമനങ്ങൾ നടത്തി വരുന്നത് ക്രമമല്ല. മേൽ ജീവനക്കാരുടെ നിയമനങ്ങൾക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-38 വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ "VEELS”-എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS” എന്ന സൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 1/22- ന് നൽകിയ മറുപടിയിൽ വിവരങ്ങൾ "VEELS”-എന്ന സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ലായെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-39 അംഗനവാടി പോഷകാഹാരം ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിച്ച വിവരങ്ങൾ ലഭ്യമല്ല.

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയിൽ (നമ്പർ 002/22,003/22) 39 അംഗനവാടികൾക്കായി സമൃദ്ധി & ബ്ളോസം ന്യൂട്രിമിക്സ് പ്രൊഡക്ഷൻ യൂണിറ്റ്, കല്ലുവെട്ടാംകുഴി, വിഴിഞ്ഞം എന്ന സ്ഥാപനത്തിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങുന്നതിനായി വിവിധ ബില്ലു കളിലായി ആകെ (2100527+800000 സുലേഖ ചെലവ് പത്രിക പ്രകാരം) 2900527/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. സാമൂഹ്യക്ഷേമ ഡയറക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010, 18.12.2010 പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ നിർദ്ദേശിക്കുന്നു. എന്നാൽ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതു സംബന്ധിച്ച വിവരങ്ങൾ പ്രോജക്ട് ഫയലിൽ ലഭ്യമല്ല. 2021-22 കാലയളവിൽ അയച്ച സാമ്പിളുകളുടെ പരിശോധനാവിവരം കോവിഡ് പ്രതിസന്ധി നിലനിന്ന സാഹചര്യമായതിനാൽ ലഭ്യമായിട്ടില്ലായെന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട് (അന്വേഷണക്കുറിപ്പ് നം.49,20.1.2023) തുടർ വർഷങ്ങളിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 നിയമാനുസൃതമല്ലാത്ത വാല്യുവേഷൻ സാക്ഷ്യപത്രങ്ങൾ നൽകി.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

So 176/22 നമ്പർ (ടോയ്‌ലെറ്റ് മെയിന്റനൻസ്) പദ്ധതി പ്രകാരം കക്കൂസ് പുനരുദ്ധാരണത്തിന് ധനസഹായം ലഭിക്കുന്നതിനായി MGNREGS എ.ഇ/ഓവർസീയർ എന്നിവർ നിശ്ചിത ഫോമിലുള്ള വാല്യുവേഷൻ സാക്ഷ്യപത്രങ്ങൾ നൽകി. എന്നാൽ പരിശോധനയിൽ ചുവടെ വിവരിക്കുന്ന അപേക്ഷകർക്ക് ധനസഹായം ലഭിക്കുന്നതിനായി MGNREGS എ.ഇ/ഓവർസീയർ എന്നിവർ നൽകിയ വാല്യുവേഷൻ സാക്ഷ്യപത്രത്തിൽ ഗുണഭോക്താവിന്റെ പേര്,അഡ്രസ്സ്,വാർഡ് നമ്പർ, ഭവനത്തിന്റെ നമ്പർ, തിയതി, പുനരുദ്ധാരണത്തിന്റെ മൂല്യം എന്നിവ രേഖപ്പെടുത്താതെ ഒപ്പും,സീലും മാത്രം പതിപ്പിച്ച് നൽകി. അപ്രകാരം ലഭ്യമാക്കിയ സാക്ഷ്യപത്രങ്ങൾ അടിസ്ഥാനപ്പെടുത്തി വി.ഇ.ഒ.ധനസഹായം നൽകി.

| ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ |
|---|---|
| സുബി | V/516 |
| ലിസി | V/227 |
| പുഷ്പലത | 111 |

| | |
|---|---|
| വിജയൻ | 111/225 |
| രാധമ്മ | 111/428 |

ഇപ്രകാരം നിയമാനുസൃതമല്ലാത്ത വാല്യുവേഷൻ സാക്ഷ്യപത്രങ്ങൾ നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 47/2023- ന് മറുപടി ലഭ്യമാക്കിയില്ല. നിയമാനുസൃത മൂല്യനിർണയ സാക്ഷ്യപത്രങ്ങൾ നൽകാത്തതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-41 നിയമാനുസൃത മൂല്യനിർണയ സാക്ഷ്യപത്രങ്ങൾ ഇല്ലാതെ തുക കൈമാറി.

ODF സമ്പൂർണ ശുചിത്വ പദവി നിലനിർത്തുന്നതിന്റെ ഭാഗമായ ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിൽ കക്കൂസ് പുനരുദ്ധാരണം ആവശ്യമുള്ള കുടുംബങ്ങൾക്ക് മെയിന്റനൻസ് ധനസഹായം അനുവദിക്കുന്നു. ആയത് അനുസരിച്ച് So 176/22നമ്പർ(കക്കൂസ് പുനരുദ്ധാരണം)പദ്ധതി പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിൻ നിന്നും 4078500/-രൂപയും സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും 4810000/-രൂപയും ഉൾപ്പടെ ആകെ 8888500/-രൂപ വകയിരുത്തി ഒരു ഗുണഭോക്താവിന് 9240/-രൂപ എന്ന രീതിയിൽ 391 പേർക്കായി 3613680/-രൂപ(ബില്ലുകൾ പ്രകാരം 840/-രൂപ വ്യത്യാസം നിലനിൽക്കുന്നു.) 30-ലധികം ബില്ലുകൾ പ്രകാരം ഇ.ഗ്രാം സ്വരാജ് വഴി നൽകി.പ്രസ്തുത അപപേക്ഷകളിൽ ഏതാനും അപേക്ഷകൾ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷകർക്കും വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ തുക നൽകിയതായി കണ്ടെത്തി. അപ്രകാരം തുക ലഭിച്ച ഏതാനും ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

A.

| ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ |
|---|---|
| ഓമന | 3 |
| ലൈല | 5 |
| ലീല | 3 |
| പ്രീതകുമാരി | 3 |
| സന്തോഷ് | 3 |
| മോഹനൻ | 3 |
| ബോബൻ | 1 |

ഇപ്രകാരം വാല്യുവേഷൻ സാക്ഷ്യപത്രങ്ങൾ ഇല്ലാതെ തുക നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 45/2023 -ന് വി.ഇ.ഒ. മറുപടി ലഭ്യമാക്കിയില്ല.

B. കക്കൂസ് പുനരുദ്ധാരണത്തിന് MGNREGSഎ.ഇ/ഓവർസീയർ എന്നിവർ നിശ്ചിത ഫോമിലുള്ള മൂല്യനിർണയ സാക്ഷ്യപത്രങ്ങളിൽ ഗുണഭോക്താവിന്റെ പേര്, അഡ്രസ്, വാർഡ് നമ്പർ, പുനരുദ്ധാരണത്തിന്റെ മൂല്യം എന്നിവ രേഖപ്പെടുത്താതെ നൽകിയ സാക്ഷ്യപത്രങ്ങൾ സ്വീകരിച്ച് ധനസഹായം നൽകി. അപ്രകാരം ധനസഹായം ലഭിച്ച ഏതാനും ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ |
|---|---|
| സുബി | V/516 |
| ലിസി | V/227 |
| പുഷ്പലത | 111 |
| വിജയൻ | 111/225 |
| രാധമ്മ | 111/428 |

നിയമാനുസൃതമല്ലാത്ത മൂല്യനിർണയ സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ തുക നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 47/2023 -ന് വി.ഇ.ഒ. മറുപടി ലഭ്യമാക്കിയില്ല.പദ്ധതി നടത്തിപ്പിനായി തുക കൈമാറുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമായെന്ന് നിർവഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. മേൽ വിവരിച്ച അന്വേഷണ കുറിപ്പിന് മറുപടിയും മൂല്യനിർണയ സാക്ഷ്യപത്രങ്ങളും ഓഡിറ്റിന് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-42 2020-ൽ ലൈഫ് ഭവനം ലഭിച്ച ഗുണഭോക്താവിന് ഭവന നവീകരണത്തിന് തുക നൽകി.160000/-രൂപ തടസ്സപ്പെടുത്തുന്നു.

എ) ന്യൂലൈഫ് കോളനി നവീകരണം(പ്രോജക്ട് നമ്പർ-s0024/21) പദ്ധതി പ്രകാരം 800000/-രൂപ എസ്.സി.പി.ഫണ്ട്, ബ്ലോക്ക് വിഹിതം- 320000/-രൂപ, ജില്ലാ വിഹിതമായി 640000/-രൂപയും ഉൾപ്പെടെ 1760000/-രൂപ വകയിരുത്തി ഓരോ ഗുണഭോക്താവിനും 160000/-രൂപ വീതം നൽകി 960000/-രൂപ ചുവടെ വിവരിക്കും പ്രകാരം ചെലവഴിക്കുകയും

ചെയ്തു.

| ബിൽ നമ്പർ, തിയതി | ചെലവ് തുക | ഫണ്ട് ഇനം |
|---|---|---|
| 27 /2-3-2022 | 240000/- | പ്ലാൻ ഫണ്ട് (എസ്.സി.പി) |
| 32 15-3-2022 | 80000/- | പ്ലാൻ ഫണ്ട് (എസ്.സി.പി) |
| 39/27-3-2022 | 320000/- | ജില്ലാ പഞ്ചായത്ത് വിഹിതം |
| 42/ 30-3-2022 | 320000/- | ജില്ലാ പഞ്ചായത്ത് വിഹിതം |
| ആകെ | 960000/- | |
| നിർഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |

പദ്ധതി ഗുണഭോക്താക്കളുടെ അപേക്ഷകളും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചതിൽ ധനസഹായം ലഭിക്കുന്നതിന് സബ്സിഡി മാർഗരേഖയിൽ വിവരിക്കുന്ന ആവശ്യമായ രേഖകളുടെ അഭാവത്തിലും ധനസഹായം നൽകിയതായി കണ്ടെത്തി. പ്രസ്തുത പദ്ധതിപ്രകാരം ധനസഹായം ലഭിച്ച ശ്രീമതി.സുകുമാരിയുടെ ഭവനത്തിന്റെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ, ഭവന നമ്പർ | വിസ്തീർണം | സഞ്ചയപ്രകാരം കണ്ടെത്തിയ വിവരങ്ങൾ. |
|---|---|---|---|
| സുകുമാരി | 2/937 R | 37.85M2 | 1.7-1-2020-ലെ B1-488/2020നമ്പർ പെർമിറ്റ് -2020രണ്ടാം പകുതി മുതൽ നികുതി ഡിമാൻഡ് -ലൈഫ് ഭവനം<br>2..ഭവനത്തിന്റെ കാലപ്പഴക്ക സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |

രേഖകൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത ഗുണഭോക്താവിന് ലൈഫ് ഭവനം ലഭിച്ചതായും 7-1-2020-ലെ B1-488/2020നമ്പർ പെർമിറ്റ് പ്രകാരം ഭവനം നിർമിച്ചതായും 2020രണ്ടാം പകുതി മുതൽ നികുതി ഡിമാൻഡ് ചെയ്തിരിക്കുന്നതായും വ്യക്തമാകുന്നു. കൂടാതെ പ്രസ്തുത ഭവനത്തിന്റെ കാലപ്പഴക്കസാക്ഷ്യപത്രങ്ങൾ ലഭിക്കാതിരുന്നിട്ടും ഗുണഭോക്താവിന് തുക നൽകിയത് അംഗീകരിക്കാവുന്നതല്ല. 2020-ൽ ലൈഫ് പദ്ധതിപ്രകാരം നിർമ്മിച്ചതും, കാലപ്പഴക്ക സാക്ഷ്യപത്രം ഹാജരാക്കാതിരുന്നിട്ടും തുക നൽകിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 44/2023 -ന് നിർവഹണോദ്ധ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഗുണഭോക്താവിന് നൽകിയ 160000/-രൂപ തടസ്സപ്പെടുത്തുന്നു.ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി രണ്ട് മാസത്തിനകം വ്യക്തമായ മറുപടിയും, ഭവനത്തിന്റെ കാലപ്പഴക്ക സാക്ഷ്യപത്രവും ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം തടസ്സപ്പെടുത്തിയ 160000/-രൂപ പദ്ധതി നിർവഹണം നടത്തി ബിൽ തുക അനുവദിച്ച വി.ഇ.ഒ-യുടെ ബാധ്യതയായി മാറുന്നതാണ്.

ബി) മേൽ പദ്ധതിപ്രകാരം ധനസഹായം ലഭിച്ചവരുടെ ഫയൽ പരിശോധനയിൽ ഭവനത്തിന്റെ കാലപ്പഴക്ക സാക്ഷ്യപത്രങ്ങൾ, ഭവനങ്ങളുടെ മൂല്യനിർണയ സാക്ഷ്യപത്രങ്ങൾ തുടങ്ങിയ ആവശ്യമായ സാക്ഷ്യപത്രങ്ങൾ ഇല്ലാതെ തുക നൽകിയതായി കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ, ഭവന നമ്പർ | സഞ്ചയപ്രകാരം ഭവനത്തിന്റെ വിസ്തീർണം ,<br>നികുതി വിവരങ്ങൾ. | മറ്റ് അപാകങ്ങൾ |
|---|---|---|---|
| C,ബാബു | 2/937 F | 9.29 M2<br>നികുതി ഡിമാൻഡ് 2016മുതൽ | ഭവനത്തിന്റെ കാലപ്പഴക്ക സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| രാധാമണി | 2/937 J | 42 M2<br>നികുതി ഡിമാൻഡ് 2018മുതൽ | ഭവനത്തിന്റെ കാലപ്പഴക്ക സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| ഓമന | 2/937C | 9.29 M2<br>നികുതി ഡിമാൻഡ് 2016മുതൽ | ഭവനത്തിന്റെ കാലപ്പഴക്ക സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| കൊച്ചുപ്പെണ്ണ് | 2/937 I | 9.29 M2<br>നികുതി ഡിമാൻഡ് 2016മുതൽ | ഭവനത്തിന്റെ കാലപ്പഴക്ക സർട്ടിഫിക്കറ്റ്, വാല്യൂവേഷൻ ലഭ്യമാക്കിയിട്ടില്ല. |
| സുശീലൻ | 2/937 D | 9.29 M2<br>നികുതി ഡിമാൻഡ് 2016മുതൽ | ഭവനത്തിന്റെ കാലപ്പഴക്ക സർട്ടിഫിക്കറ്റ്, വാല്യൂവേഷൻ ലഭ്യമാക്കിയിട്ടില്ല. |
| രാഘവൻ | 2/937 A | 9.29 M2<br>നികുതി ഡിമാൻഡ് 2016മുതൽ | ഭവനത്തിന്റെ കാലപ്പഴക്ക സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| രാജൻ | 2/937 H | 9.29 M2<br>നികുതി ഡിമാൻഡ് 2016മുതൽ | ഭവനത്തിന്റെ കാലപ്പഴക്ക സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |

ഭവനങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ ഭൂരിഭാഗം ഭവനങ്ങൾക്കും 9.29 M2 വിസ്തീർണം രേഖപ്പെടുത്തിയിരിക്കുന്നു. മേൽ വിവരിച്ച അപാകങ്ങളും, സാക്ഷ്യപത്രങ്ങളുടെ അഭാവത്തിലും തുക നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 44/2023 -ന് നിർവഹണോദ്ധ്യോഗസ്ഥയായ വി.ഇ.ഒ. മറുപടി ലഭ്യമാക്കിയില്ല. ഫയൽ പരിശോധനയിൽ സർക്കാർ വിഭാവനം ചെയ്യത ന്യലൈഫ് പദ്ധതി പ്രവർത്തനങ്ങൾ പൂർണമായും നിറവേറ്റിയിട്ടില്ല. നിലവിലെ വീടിന് ഏത് തരത്തിലുള്ള പുനരുദ്ധാരണ പ്രവർത്തനമാണ് നടത്തിയതെന്ന് നിർവണണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ആകെ നാല് ഗഡുക്കളായി തുക നൽകേണ്ടതും അവസാന ഗഡു നൽകിയതിന് ശേഷം വീടിന്റെ പൂർത്തീകരണ ഫോട്ടോ ഫയലിൽ സൂക്ഷിക്കേണ്ടതും ഓരോ സ്റ്റേജും നിർവഹണോദ്ധ്യോഗസ്ഥൻ സർട്ടിഫൈ ചെയ്യേണ്ടതുമാണ്. എന്നാൽ അപ്രകാരം പൂർത്തീകരണ ഫോട്ടോയോ, സാക്ഷ്യപ്പെടുത്തലുകളോ, മോണിറ്ററിംഗ് റിപ്പോർട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിച്ചുവെന്ന് ഓഡിറ്റിന് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി രണ്ട് മാസത്തിനകം വ്യക്തമായ മറുപടിയും, ഭവനങ്ങളുടെ കാലപ്പഴക്ക സാക്ഷ്യപത്രങ്ങളും, മൂല്യനിർണയ സാക്ഷ്യപത്രങ്ങളും ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതിയുടെ പേര് | സ്വലേഖ എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അടങ്കൽ | സ്വലേഖ എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|---|
| ജില്ലാ | സ്നേഹസ്പർശം | 584250 | 333000 |

| | | | |
|---|---|---|---|
| പഞ്ചായത്ത് | സ്കോളർഷിപ്പ് (9/22) | | |
| | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി (വനിത) (41/22) | 600000 | 55000 |
| | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി (ജനറൽ) (40/22) | 600000 | 27500 |
| | ന്യൂ ലൈഫ് കോളനി നവീകരണം (24/22) | 640000 | 640000 |
| ആകെ | | 24,24,250 | 1055500 |
| ബ്ലോക്ക് പഞ്ചായത്ത് | സ്നേഹസ്പർശം സ്കോളർഷിപ്പ് (9/22) | 584250 | 488500 |
| | സുഭിക്ഷ കേരളം (ഫലവൃക്ഷ തൈ വിതരണം) (35/22) | 150000 | 100000 |
| | ഭവന നിർമ്മാണവും വസ്തു വാങ്ങലും (ലൈഫ്)(95/22) | 5000000 | 240000 |
| | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി (വനിത) (41/22) | 600000 | 125000 |
| | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി (ജനറൽ) (40/22) | 600000 | 200000 |
| | അനുപൂരക പോഷകാഹാരം ജനറൽ (2/22) | 500000 | 300000 |
| ആകെ | | 7434250 | 1453500 |

എ.എഫ്.എസ് പ്രകാരം

| സ്ഥാപനം | മുന്നിരിപ്പ് (B4 ഷെഡ്യൂൾ) (2020-21) | വരവ് | ആകെ | ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് (B4 ഷെഡ്യൂൾ ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 4597406 | 1000000 | 5597406 | 1453500 | 5357406 |
| ജില്ലാ പഞ്ചായത്ത് | 18104 | 0 | 18104 | 1055500 | 18104 |
| മുൻസിപ്പൽ കോർപ്പറേഷൻ | 0 | 1400000 | 1400000 | 0 | 1400000 |

വരവ് ചെലവ് തുകകൾ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | KSEB | സ്ട്രീറ്റ് ലൈറ്റ് നീട്ടൽ 92/22 | 288491 | 0 | 288491 |

| | | | | | |
|---|---|---|---|---|---|
| 2 | | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ 88/22 | 184579 | 0 | 184579 |
| 3 | | സ്ട്രീറ്റ് ലൈനുകൾ നീട്ടൽ 174/22 | 1686865 | 0 | 1686865 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നം./ തീയതി | തൻവർഷ വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക (തൻവർഷ ബി5 പ്രകാരം) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | | 1820000 | 95244963 | 10398666 | | 86666297 |
| കോ-ഓപ്പറേറ്റീവ് ബാങ്ക് | | | 270403 | 0 | | 270403 |

* വായ്പ രജിസ്റ്റർ ഓഡിറ്റിനു ലഭ്യമാക്കിയില്ല. വായ്പ രജിസ്റ്റർ / സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 2,04,97,260 |
| ഓഡിറ്റ് വർഷത്തെ വരവ് | 15,45,94,147 |
| ആകെ | 175091407 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 15,63,40,596 |
| നീക്കിയിരിപ്പ് | 1,87,50,811 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,44,310/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 783360 | ശ്രീമതി ശ്രീകുമാരി.എൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 60950/- | ഡോ.ജിനു കുമാർ , വെറ്റിനറി സർജൻ |
| 1-36 | 20,40,000/- | ശ്രീ.സുരേഷ്.കെ.വി ,സെക്രട്ടറി |
| 1-42 | 160000/- | ശ്രീമതി റോജ് ചിരുകണ്ടത്ത്, വി.ഇ.ഒ. |
| ആകെ | 30,44,310/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ശ്രീകുമാരി.എൽ, അസിസ്റ്റന്റ് സെക്രട്ടറി | പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് | സൗപർണിക. TC42/1375(1), ആശാൻ നഗർ, വള്ളക്കടവ്.പി.ഒ |
| ഡോ.ജിനു കുമാർ , വെറ്റിനറി സർജൻ | പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് | ജിനു ഹൗസ്, വട്ടവിള, പയറ്റുവിള.പി.ഒ |
| ശ്രീ.സുരേഷ്.കെ.വി, സെക്രട്ടറി | പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് | ദിവ്യശ്രീ, പത്മനാഭനഗർ, നെട്ടയം.പി.ഒ, തിരുവനന്തപുരം. |
| ശ്രീമതി റോജ് ചിരുകണ്ടത്ത്, വി.ഇ.ഒ. | പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് | BSNL ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1711/2022 തീയതി:30/09/2022 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജിപി4/ 1711/2022 തീയതി:30/09/2022 | 12 |

| | | |
|---|---|---|
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1711 /2022 തീയതി:30/09/2022 | 13 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജിപി4/ 1711/2022 തീയതി:30/09/2022 | 5 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജിപി4/ 1711/2022 തീയതി:30/09/2022 | 8 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജിപി4/ 1711 /2022 തീയതി:30/09/2022 | 4 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജിപി4/ 1711 /2022 തീയതി:30/09/2022 | 9 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1711/2022 തീയതി:30/09/2022 | 17 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജിപി4/ 1711/2022 തീയതി:30/09/2022 | 20 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1711/2022 തീയതി:30/09/2022 | 11 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1780/2017 തീയതി:23/08/2017 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു. |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജിപി4/2552/2018 തീയതി:06/05/2020 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു. |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജിപി4/803/2020 തീയതി:19/01/2021 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു. |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജിപി4/656/2021 തീയതി:31/03/2021 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു. |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജിപി4/981/2022 തീയതി:29/06/2022 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു. |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ബി.റ്റി.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്